മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 05 | THE ONLINE OFFICIAL NEWS BULLETIN | 2021 January 30

SEASON OF EPIPHANY | ദനഹാകാലം | ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
31  ♪7 hadbšabo d kohné Sunday of the All Departed Priests	1 ♪3	2  ♪3 ✠Maelto dmoran lhayklo (Entrance of our Lord into the Temple) Comme. of St. Simon and Hanna. 53rd Mem. of Pathros Mar Osthathios ✠ (Kandanad Carmel Dayara)	3  ♪3 Comme. of Mar Bar Souma & Mar Kauma Comme. of All Spiritual Father	4 ♪7	5 ♪3	6 ♪7



മിസോറാം ഗവർണർ പി. എസ്. ശ്രീധരൻപിള്ള പ. കാതോലിക്കാ ബാവായുമായി കോട്ടയം ദേവലോകം അരമനയിൽ ജനുവരി 29-ന് കൂടിക്കാഴ്ച നടത്തി. ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. സഖറിയാ മാർ നിക്കോളോവോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ കൂടിക്കാഴ്ചയിൽ സംബന്ധിച്ചു.



സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ സ്മൃതി മന്ദിരത്തിന്റെ കൂദാശ പ. ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഫാ. ഡോ. എം. ഒ. ജോൺ, അഡ്വ. ബിജു ഉമ്മൻ, എ. കെ. ജോസഫ് തുടങ്ങിയവർ സംബന്ധിച്ചു.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 2021 ജനുവരി 29 വെള്ളിയാഴ്ച്ച രാവിലെ കോട്ടയം തിരുനക്കര ഗാന്ധി സ്ക്വയറിൽ 'ഭരണഘടന പരിരക്ഷ ജനകീയ സദസ്സ് 'സംഘടിപ്പിച്ചു. പ്രസ്ഥാനം പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അദ്ധ്യക്ഷത വഹിച്ചു. പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് ഉദ്ഘാടനം നടത്തിയ യോഗത്തിൽ ഡോ. സഖറിയാസ് മാർ നിക്കോളോവാസ് മുഖ്യപ്രഭാഷണം നിർവഹിച്ചു.



ഡോ. യാക്കോബ് മാർ ഐറേനിയോസും, ഡോ. ഗീവർഗീസ് മാർ യൂലിയോസും പാണക്കാട്ട് എത്തി മുസ്ലിം ലീഗ് അദ്ധ്യക്ഷൻ സെയ്ത് ഹൈദരലി ശിഹാബ് തങ്ങളുമായി കൂടിക്കാഴ്ച നടത്തി.

പ. കാതോലിക്കാ ബാവായെ സന്ദർശിച്ചു


ദേവലോകം: കേന്ദ്രമന്ത്രി വി. മുരളീധരൻ പ. കാതോലിക്കാ ബാവായെ കോട്ടയം ദേവലോകം അരമനയിൽ എത്തി സന്ദർശിച്ചു. കോൺഗ്രസ് നേതാക്കളായ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എന്നിവരും ദേവലോകം അരമനയിൽ എത്തി പ. ബാവായെ സന്ദർശിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

“കൊള്ളാം, ഉത്തമനും വിശ്വസ്തനുമായ ദാസാ നീ അൽപ്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും”

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



വി. നിനുവാ നോമ്പിനും രക്ഷാകരമായ വലിയ നോമ്പിനും ഇടയ്ക്കു വരുന്ന രണ്ട് ഞായറാഴ്ചകളിൽ ആദ്യത്തേത് പ. സഭയുടെ പൗരോഹിത്യത്തെയും രണ്ടാമത്തേത് വാങ്ങിപ്പോയ വിശ്വാസസമൂഹത്തെയും ഓർക്കുവാനായി ക്രമീകരിച്ചിരിക്കുന്നു. നിനുവാ നോമ്പിന്റെ പേത്തുർത്തോ ഞായർ എല്ലാ സഭാപിതാക്കന്മാരെയും ഓർക്കുന്ന ദിവസമാണെന്നും നാം കണ്ടു. ചുരുക്കത്തിൽ വി. വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് പ. നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, മൗദ്യാനന്മാർ, സന്യാസപിതാക്കന്മാർ, ശ്രേഷ്ഠ വൈദികർ, വിശ്വാസികളായ വാങ്ങിപ്പോയവർ എന്നിങ്ങനെ ആദം മുതൽ ഇന്നയോളം ക്രിസ്തുവിൽ വിശ്വസിച്ചവരായ എല്ലാവരെയും ഈ ദിനങ്ങളിൽ നാം ഓർക്കുന്നു.

സാധാരണ രീതിയിൽ ദിവസത്തിന്റെ അവസാന യാമമായ 9-ാം മണിയിലും ആഴ്ചയിലെ അവസാന ദിനമായ ശനിയാഴ്ചയുമാണല്ലോ നാം വാങ്ങിപ്പോയവരെ ഓർക്കുന്നത്. ആരാധനാവർഷത്തിലും അവസാന കാലഘട്ട (സ്ലീബാ യുഗാന്ത്യകാലം) ത്തിൽ ‘മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനു’മായി നാം നോക്കി പാർക്കുന്നുമുണ്ട്. പിന്നെ എന്തുകൊണ്ട് ഈ സമയത്ത് ‘കൊഹ്നെ-വ്-ആനിദെ’ കടന്നുവരുന്നുയെന്ന ചോദ്യത്തിന് പിതാക്കന്മാർ നൽകുന്ന ഉത്തരം മലങ്കരയുടെ മഹാ മല്പാനായിരുന്ന ഞങ്ങളുടെ വന്ദ്യ ഗുരു ഉദ്ധരിച്ചത് ഓർക്കുന്നു:

1. രക്ഷാകരമായ വി. വലിയനോമ്പിലേക്ക് രക്ഷണ്യ സമൂഹമായ പ. സഭ ഒന്നിച്ചാണ് പ്രവേശിക്കുന്നത്. വി. വലിയനോമ്പിന്റെ സാർവ്വത്രികഭാവം ഇവിടെ സൂചിപ്പിക്കപ്പെടുന്നു. സർവ്വപ്രപഞ്ചത്തിനും വേണ്ടി ജീവലോകവും മൃതലോകവും ഒന്നിച്ച് അനുഷ്ഠിക്കുന്നതാണ് വി. വലിയ നോമ്പ്. മനുഷ്യനുവേണ്ടി മാത്രമല്ല, സർവ്വപ്രപഞ്ചത്തിന്റെയും മോചനത്തിനുവേണ്ടിയാണ് പ. സഭ യാചിക്കുന്നത്. ഓർത്തഡോക്സ് ആരാധനാശാസ്ത്രത്തിന്റെ അടിസ്ഥാനപ്രമാണമാണിത്. ‘സമസ്തലോകത്തിനും സൗഖ്യമുണ്ടാകട്ടെ’ എന്ന പ്രാർത്ഥനയില്ലാത്ത ഒരു ആരാധനയും സഭയ്ക്ക് ഇല്ല എന്ന് ഓർക്കണം!

2. വി. നോമ്പിന്റെ അനുഭവം തീക്ഷ്ണമാണ്. ഒരുക്കത്തോടെ നോമ്പനുഷ്ഠിക്കുന്നവർക്ക് അനേകം പരീക്ഷണങ്ങളും പ്രതിസന്ധികളും ഉണ്ടാകുവാൻ ഇടയുണ്ട്. നോമ്പനുഷ്ഠിക്കുന്നവരിൽ സാത്താൻ തോൽക്കുകയും കൊല്ലപ്പെടുകയും ചെയ്യും എന്നതിനാൽ നോമ്പിന്റെ തീവ്രത കൂടുംതോറും അനുഷ്ഠിക്കുന്നവന്റെ പ്രതിസന്ധികളും വർദ്ധിക്കും. ‘നാല്പതു ദിവസം ഉപവസിച്ചപ്പോൾ അവന് വിശുന്നുവെന്നും അപ്പോൾ പരീക്ഷകനായ സാത്താൻ പ്രലോഭനങ്ങളുമായി അവന്റെ അടുത്ത് വന്ന് അവനെ പരീക്ഷിച്ചുവെന്നും’ നാം വായിക്കുന്നു. നമ്മുടെ കർത്താവിനെപ്പോലെ പിശാചിനെ ശാസിച്ച് പുറത്താക്കുവാൻ നമുക്ക് കഴിയണം. പ. പിതാക്കന്മാരുടെ മാദ്ധ്യസ്ഥം ആയതിന് നമ്മെ ഏറെ സഹായിക്കും എന്നതിനാൽ നാം അവരെ ഓർത്ത് നമ്മോട് ചേർത്തുനിർത്തുന്നു.

അതികഠിനമായ മരുഭൂയാത്രയാകുന്ന വലിയനോമ്പിന്റെ ഓട്ടം പൂർത്തിയാകുവാനുള്ള ഉത്തമ മാർഗ്ഗം പിതാക്കന്മാരുടെ പാതയിൽ സഞ്ചരിക്കുകയെന്നതാണ് എന്ന് വിവക്ഷ. സാക്ഷികളുടെ സമൂഹം എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നതും ഈ വിശ്വാസ സമൂഹത്തെയാണ്.

വി. ത്രിത്വഭാവം സാക്ഷികളുടെ സമൂഹത്തിനും ഉണ്ട്. ആയതിൽ ഒന്നാം ഭാഗം വിശുദ്ധ പിതാക്കന്മാരുടെ ഗണം. രണ്ടാം ഭാഗം വാങ്ങിപ്പോയ വൈദികരുടെ ഗണം. മൂന്നാം ഭാഗം വിശ്വാസികളായ എല്ലാ വാങ്ങിപ്പോയവരുടെയും ഗണം. യഥാക്രമം ഇവർ ഓർക്കപ്പെടുന്നു; വി. പിതാക്കന്മാർക്ക് ആരാധന സംഗീത ക്രമീകരണത്തിൽ 6-ാം നിറവും വൈദികർക്ക് 7-ാം നിറവും വിശ്വാസികൾക്ക് 8-ാം നിറവും ആയി ആരാധന ക്രമീകരിച്ചിരിക്കുന്നതും ഇവിടെ ഓർക്കണം.

കൊഹനെ ഞായറാഴ്ചയിലെ ആദ്യ പഴയ നിയമവായന അഹറോന്യ പൗരോഹിത്യത്തെ കുറിച്ചാണ് (സംഖ്യാ പുസ്തകം 20:23-29). ഹോർ പർവ്വതത്തിൽ വച്ച് അഹറോന്റെ പുരോഹിതവസ്ത്രം അവന്റെ മരണത്തിനു മുമ്പ് ഊരിയെടുത്ത് അവന്റെ മകനായ ഏലയാസറെ മോശ ധരിപ്പിക്കുന്നു. അഹറോൻ ഹോർ പർവ്വതത്തിൽ വച്ച് മരിക്കുകയും അവിടെത്തന്നെ അടക്കപ്പെടുകയും ചെയ്യുന്നു. പൗരോഹിത്യ ക്രമവും അതിന്റെ പിൻതുടർച്ചാവകാശവും ദൈവിക പ്രമാണങ്ങളാണ് എന്ന് വ്യക്തമാക്കപ്പെടുന്ന ഭാഗമാണിത്.

മരണത്തെക്കുറിച്ചുള്ള ഒരു തത്വശാസ്ത്ര ചർച്ചയാണ് ഈയോബിന്റെ പുസ്തകത്തിൽ നിന്നുമുള്ള വായന. ഒരു വൃക്ഷം വെട്ടി മാറ്റപ്പെട്ടാലും അതിന്റെ വേർ നിലത്തു പഴകിപ്പോയാലും അതിന്റെ കുറ്റി മണ്ണിൽ കെട്ടുപോയാലും വെള്ളത്തിന്റെ ഗന്ധം കൊണ്ട് അത് പിന്നെയും കിളിർക്കുകയും ഇളം കൊമ്പുകൾ വിടരുകയും ഒരു തൈ പോലെ തളിരിടുകയും ചെയ്യും (ഇയ്യോബ് 14:7-22) എന്ന് പ്രസ്താവിക്കുന്നു. ദൈവത്തിൽ പ്രത്യാശയുള്ളവൻ മരിച്ചാലും നിലനിൽക്കുമെന്നും എന്നാൽ പ്രത്യാശയില്ലാത്തവന് ജീവനുമില്ല എന്ന് സമർത്ഥിക്കുന്നു.

മഹാജ്ഞാനിയായ ശലോമോന്റെ ജ്ഞാനത്തിൽ നിന്നുമുള്ള പ്രത്യേക വായനയിൽ (ബാറാസീറ 4:7-16) നീതിമാന്റെ മരണവും ദുഷ്ടന്റെ മരണവും തമ്മിലുള്ള അന്തരവും വർണ്ണിക്കുന്നുണ്ട്. വാർദ്ധക്യം കാലദൈർഘ്യത്താൽ മാനിക്കപ്പെടുന്നതോ വർഷങ്ങളുടെ എണ്ണത്താൽ അളക്കപ്പെടുന്നതോ അല്ല; മറിച്ച് കുറ്റമറ്റ ജീവിതമാണ് പക്വവാർദ്ധക്യം എന്ന് വായിക്കുന്നു. കുറഞ്ഞ കാലംകൊണ്ട് പൂർണ്ണത നേടുന്നവർ വിശുദ്ധിയുടെ വാർദ്ധക്യം അഥവാ നിത്യത പ്രാപിക്കുന്നു. എന്നാൽ ദുഷ്ടതയിൽ ദീർഘകാലം വസിക്കുന്നവരെ ആരും ഓർക്കുവാൻ ആഗ്രഹിക്കുന്നില്ല എന്ന ജ്ഞാനവാക്കുകൾ വൈദികരുടെ കാര്യത്തിൽ കൂടുതൽ അന്വർത്ഥമാകുന്നു. ബാലൻ നൂറു വയസ്സുള്ളവനായി മരിക്കും, പാപിയോ നൂറു വയസ്സുള്ളവനായിരുന്നാലും ശപിക്കപ്പെട്ടവൻ എന്നേ വരൂ എന്ന് യെശയ്യാ പ്രവാചകനും സാക്ഷിക്കുന്നു (65:13-20).

വൈദിക സ്ഥാനികളോടുള്ള പ. പൗലൂസ് ശ്ലീഹായുടെ ശക്തമായ പ്രബോധനമാണ് ആദ്യ ലേഖന ഭാഗം (അപ്പോ. പ്ര. 20:26-38); “വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യ”മെന്ന കർത്തൃപ്രമാണത്തിൽ അടിയുറച്ച ജീവിതം നയിക്കുവാൻ പൗരോഹിത്യ സ്ഥാനികൾക്കു കഴിയണം എന്ന് അദ്ദേഹത്തിന്റെ വിടവാങ്ങൾ പ്രസംഗത്തിൽ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിന്റെ പ്രബോധനത്തിലും അവനിലുള്ള ജീവന്റെ പ്രത്യാശയിലും ജീവിക്കുകയും വിശ്വാസികളെ ആ പാതയിൽ വഴിനടത്തുകയും ചെയ്യുന്നവനാണ് ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ കൂട്ടവകാശിയാകുന്നത് എന്ന് തെസലോനിക്യരോടും അദ്ദേഹം ഓർമ്മിപ്പിക്കുന്നു (1 തെസ്സ. 4:13-5:11).

ഏവൻഗേല്യോൻ ഭാഗങ്ങൾ എല്ലാംതന്നെ പൗരോഹിത്യത്തെ താലന്തുകളുടെ ഉപമയിലൂടെയാണ് അവതരിപ്പിക്കുന്നത്. കർത്താവ് നൽകുന്ന വലിയ താലന്താണ് വി. പൗരോഹിത്യ നൽവരം. അതിനെ ഇരട്ടിയായി വർദ്ധിപ്പിക്കുന്നവൻ ഉത്തമനും വിശ്വസ്തനുമായ ദാസനാണ്. എന്നാൽ ലഭിച്ച താലന്ത് കുഴിച്ചുമൂടുകയും നൽകിയ ഉടമസ്ഥനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നവൻ ദുഷ്ടനും മടിയനുമായ ദാസനാണ് എന്നും കർത്താവ് വ്യക്തമായി പറയുന്നു. അവനെ പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയുവാൻ ക്രിസ്തു ആഹ്വാനം ചെയ്യുന്നു. താലന്തുകളെ വർദ്ധിപ്പിച്ചവരുടെയും കുഴിച്ച് മൂടിയവരുടെയും അനേകം ഉദാഹരണങ്ങൾ മലങ്കരസഭയുടെ പൗരോഹിത്യ ചരിത്രത്തിലും ഉണ്ടെന്ന് നാം ഓർക്കണം. വിശ്വസ്തരും ബുദ്ധിമാന്മാരുമായ ദാസന്മാരായി

നമ്മുടെ പൗരോഹിത്യവൃന്ദം കാണപ്പെടുവാൻ ഇടയാകണം എന്ന ആഹ്വാനം പുരോഹിത സ്മരണയുടെ ഈ പെരുന്നാളിൽ നിറഞ്ഞുനിൽക്കുന്ന ആശയമാണ്.

പൗരോഹിത്യ വേലയിൽ നിന്നും പിരിഞ്ഞ് നിന്റെ സന്നിധിയിലേക്ക് പുറപ്പെട്ടിട്ടുള്ള ഞങ്ങളുടെ പിതാക്കന്മാരുടെ ഓർമ്മ പാവനമാക്കുകയും അവരെ അബ്രഹാമ്യ മടികളിൽ വിശ്രമിപ്പിക്കുകയും സ്വർഗ്ഗീയ സൈന്യങ്ങളോടൊപ്പം നിനക്ക് ആത്മീയ ശുശ്രൂഷ നിർവ്വഹിക്കുവാൻ അവരെ യോഗ്യരാക്കുകയും ചെയ്യണമെ എന്നാണ് ഈ ദിവസത്തെ പ്രാർത്ഥനകളിൽ നാം ആവർത്തിക്കുന്നത്.

പുരോഹിതന്മാരെ അലങ്കരിക്കുന്നവനും അവരെ പൂർത്തീകരിക്കുന്നവനും അവരെ തന്റെ ശ്രീഭണ്ഡാരത്തിന് അവകാശികളാക്കുകയും ആവശ്യക്കാർക്ക് തന്റെ സമ്പത്തിനെ വിഭജിച്ചു കൊടുക്കുവാൻ അവരെ ചുമതലപ്പെടുത്തി ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോൽ അവരെ ഏൽപിക്കുകയും കെട്ടുവാനും അഴിക്കുവാനും അവരെ നിയോഗിക്കുകയും ചെയ്യുന്ന കർത്താവിന് സ്തുതി എന്ന് നാം പ്രാർത്ഥിക്കുമ്പോൾ പൗരോഹിത്യത്തിന്റെ അന്യൂനമായ സ്ഥാനം എത്ര ശ്രേഷ്ഠമാണെന്ന് ഓർക്കണം.

പ. സഭയുടെ പൗരോഹിത്യ സമ്പത്തിനെ ഓർത്ത് അവർക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കുവാനുള്ള കടമ വിശ്വാസസമൂഹത്തിനുണ്ട്. വി. കുർബാനയുടെ അവസാനത്തിലുള്ള ആശീർവാദത്തിൽ വൈദികർ തന്നെ അവർക്കുവേണ്ടി പ്രാർത്ഥിക്കണമെ എന്ന് അപേക്ഷിക്കുന്നു: “ഞാനോ ബലഹീനനും പാപിയുമായ ദാസനാകുന്നു; നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ.” ഈ അപേക്ഷ കേവലം യാന്ത്രികമായി തീരരുത്. ഒപ്പം നമുക്കുവേണ്ടി ഒരു ബലിയെങ്കിലും അർപ്പിച്ചിട്ടുള്ള എല്ലാ പുരോഹിതരെയും പ്രത്യേകം ഓർത്തു പ്രാർത്ഥിക്കുവാനുള്ള ഉത്തരവാദിത്വം ഓരോ വിശ്വാസിക്കുമുണ്ട്.

അതികഠിന പ്രതിസന്ധികളുടെ മദ്ധ്യത്തിലും താലന്തുകളെ വർദ്ധിപ്പിച്ച് തന്നെ ഭരമേൽപിച്ച പ. സഭയെ ഭാസുരമാക്കിയ പ. വട്ടശ്ശേരിൽ ദീവന്നാസ്യോസ് പിതാവിന്റെ ഓർമ്മയും ഈ ആഴ്ചയിൽ പ. സഭ ആഘോഷിക്കുന്നു.

“കൊള്ളാം ഉത്തമനും വിശ്വസ്തനുമായ ദാസാ!” എന്ന വിളിക്ക് നാമും യോഗ്യരായിതീരട്ടെ എന്ന് അവരുടെ മാദ്ധ്യസ്ഥത്തിൽ നമുക്കും ശരണപ്പെടാം.



നിനുവ നോമ്പിൽ ബുധനാഴ്ച ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ കോട്ടയം പഴയസെമിനാരിയിൽ വി. കുർബാന അർപ്പിക്കുന്നു.



അങ്കമാലി ഭദ്രാസനം കുന്നക്കുരുടി മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പ്രതിഷേധ സമ്മേളനം നെല്ലാട് കവലയിൽ സഭ മാനേജിംഗ് കമ്മിറ്റി അംഗം റോണി വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. തോമസ് പോൾ റമ്പാൻ, ഫാ. ഏലിയാസ് ചെറുകാട്, സഭ മാനേജിംഗ് കമ്മിറ്റി അംഗം പ്രിൻസ് ഏലിയാസ് തുടങ്ങിയവർ പ്രസംഗിച്ചു.



സെന്റ് ഗ്രീഗോറിയോസ് അരമന ചാപ്പൽ കൂദാശയും, വാർഷീക പെരുന്നാളും

ആർത്താറ്റ്: കുന്നംകുളം മെത്രാസന അരമനയിലെ നവീകരിച്ച സെൻറ്. ഗ്രീഗോറിയോസ് ചാപ്പലിൻറെ കൂദാശയും, 30–ാം വാർഷിക പെരുന്നാളും 2021 ഫെബ്രുവരി മാസം 2, 3 തീയതികളിൽ നടക്കും. പ. ബസ്സേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ശുശ്രൂഷകൾക്ക് പ്രധാന കാർമ്മികത്വം വഹിക്കുന്നതും, ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത സഹകാർമ്മികത്വം വഹിക്കുന്നതുമാണ്.

ഭദ്രാസനത്തിലെ വൈദികരും, സഭാസ്ഥാനികളും പരിപാടികളിൽ പങ്കെടുക്കും. കോവിഡ് 19 നിയന്ത്രണങ്ങളുള്ളതിനാൽ അരമന ചാപ്പലിലേക്ക് വിശ്വാസികൾക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. എല്ലാവർക്കും വീട്ടിലിരുന്നുകൊണ്ട് തന്നെ ശുശ്രൂഷകളിൽ പങ്കെടുക്കാവുന്നതരത്തിൽ സഭയുടെ ഔദ്യോഗിക ഫേയ്സ്ബുക്ക് പേജായ കാതോലിക്കേറ്റ് ന്യൂസിലും, കുന്നംകുളം ഭദ്രാസനത്തിൻറെ ഔദ്യോഗിക ഫേയ്സ് ബുക്ക് പേജായ കുന്നംകുളം ഡയോസിസ് മീഡിയായിലും, യൂട്യൂബ് ചാനലിലും, പ്രാദേശിക ചാനലുകളായ എ.സി.വിയിലും (ചാനൽ നമ്പർ– 111), സി.സി. ടിവിയിലും (ചാനൽ നമ്പർ–49) പരിപാടികൾ തൽസമയം സംപ്രേഷണം ചെയ്യുന്നതാണ്.

വാർത്ത

മതസൗഹാർദ്ദം തകർക്കുന്ന ശ്രമങ്ങൾ ആരുടെ ഭാഗത്തു നിന്നും ഉണ്ടാകരുത്: ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ്



പാണക്കാട്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാധ്യക്ഷൻ പ. ബസ്സേലിയോസ് മാർ ത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ നിർദ്ദേശപ്രകാരവും മുസ്ലിം സമുദായ നേതൃത്വത്തിന്റെ ക്ഷണപ്രകാരവും സഭയുടെ കൊച്ചി ഭദ്രാസനാധിപൻ ഡോ. യാക്കൂബ് മാർ ഐറേനിയസ്, അഹമ്മദാബാദ് ഭദ്രാസനാധിപനും മാധ്യമ വിഭാഗം അധ്യക്ഷനുമായ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് എന്നിവരുൾപ്പെട്ട പ്രതിനിധി സംഘം പാണക്കാട് എത്തി മുസ്ലിം സമുദായത്തിന്റെ സംസ്ഥാന അധ്യക്ഷൻ സയിദ് ഹൈദരലി ശിഹാബ് തങ്ങൾ, സയിദ് സാദിഖലി തങ്ങൾ, മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി. കെ. കുഞ്ഞാലിക്കുട്ടി, സ്റ്റേറ്റ് ജനറൽ സെക്രട്ടറി കെ. പി.എ. മജീദ് തുടങ്ങിയ നേതാക്കളുമായി കൂടിക്കാഴ്ച നടത്തി.

പ. കാതോലിക്കാ ബാവായുടെ സ്നേഹാന്വേഷണങ്ങൾ മെത്രാപ്പോലീത്തന്മാർ മുസ്ലീം സമുദായ നേതൃത്വത്തെ അറിയിച്ചു. സഭാ അധ്യക്ഷൻ നൽകിയ സന്ദേശം ഉൾപ്പെടെയുള്ള വിഷയങ്ങളും മുസ്ലിംലീഗ് നേതാക്കളുമായി സംസാരിക്കുകയുണ്ടായി.

സന്ദർശനത്തെ സംബന്ധിച്ച് മാധ്യമ പ്രവർത്തകർ ചോദിച്ചപ്പോൾ ‘രാജ്യത്ത് നീതിന്യായ വ്യവസ്ഥക്ക് പ്രയാസം വരുമ്പോൾ, അതിന്റെ ചർച്ച നടക്കുന്ന സ്ഥലമാണ് കോടതി, പ്രത്യേകിച്ച് സുപ്രീംകോടതി. സുപ്രീം കോടതി വളരെ കൃത്യമായി പഠിച്ച് ഒരു തീരുമാനം പറയുമ്പോൾ അതനുസരിച്ച് നമുക്കെന്തെങ്കിലും ചെയ്യാമെന്ന് പറയുമ്പോൾ, അത് പറ്റുകയില്ല. അതിനെ മറികടക്കാനുള്ള നിയമനിർമ്മാണമാണ് വേണ്ടത് എന്ന് പറയുകയും ചെയ്യുമ്പോൾ അതിനെ തിരുത്തേണ്ട ഭരണാധികാരികൾ, മറിച്ച് അതിന് അനുകൂലമാകുന്ന ഒരു രാഷ്ട്രീയ ഒരു സാഹചര്യം കേരളത്തിൽ സൃഷ്ടിക്കാൻ ബോധപൂർവ്വം ശ്രമങ്ങൾ നടക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. അത് പ്രയാസമുണ്ടാക്കുന്ന കാര്യമാണ്.

ഓർത്തഡോക്സ് സഭക്ക് എല്ലാ മതവിഭാഗങ്ങളോടും സമുദായ സംഘടനകളോടും നല്ല ബന്ധമാണ് ഉള്ളത്. യാഥാർത്ഥ്യങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്. ഇന്ന് വന്നതിന്റെ പ്രധാന അജണ്ട, പ്രധാനമായും ഒരു സൗഹൃദ സന്ദർശനമായിരുന്നു. സമയത്ത് പരസ്പരം പ്രയാസങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ. സഭയുടെ കാര്യങ്ങൾ എങ്ങനെ പോകുന്നു എന്ന് പറയുമല്ലോ, ആ രീതിയിൽ കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്.”

ലീഗ് ക്രിസ്തീയ വിഭാഗങ്ങളുമായി അകന്നു നിൽക്കുന്നവരാണ് അഥവാ ക്രിസ്തീയ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ പിടിച്ചുപറ്റുന്നവരാണ് , അങ്ങനെയുള്ള ആരോപണങ്ങളെക്കുറിച്ചുള്ള മാധ്യമപ്രർത്തകരുടെ ചോദ്യത്തിന് മെത്രാപ്പോലീത്താ ഇങ്ങനെ മറുപടി നൽകി: “അതെല്ലാം ആരോപണങ്ങൾ മാത്രമാണ്.. പ്രത്യേകിച്ച്... ഇലക്ഷൻ വരുന്ന സമയത്ത് ഒരു തരത്തിലും മതസൗഹാർദ്ദം നഷ്ടപ്പെടുത്തുന്ന ഒരു കാര്യങ്ങളും ഉണ്ടാകരുത്. ക്രിസ്ത്യൻ – മുസ്ലിം അതിനിടക്ക് ഒരു ഭിന്നത ഉണ്ട് എന്ന് വരുത്തി തീർക്കാനുള്ള ഒരു രാഷ്ട്രീയ ശ്രമമുണ്ട്. ഇത് ഇല്ല എന്ന് കാണിക്കുക എന്നതും. മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കലർത്തിയുള്ള പ്രചരണങ്ങൾ തീർച്ചയായും ഒഴിവാക്കേണ്ടതാണ്.”

സഭാതർക്കവിഷയത്തിൽ യാഥാർത്ഥ്യങ്ങൾ ഇതര സാമുദായിക സംഘടനകൾ ഉൾപ്പെടെയുള്ളവരെ അറിയിക്കുന്നതും സന്ദർശന ദൗത്യത്തിൽ ഉൾപ്പെടുന്നതായും മെത്രാപ്പോലീത്താ അറിയിച്ചു.

രണ്ട് വർഷം മുൻപ് തിരുവിതാംകൂറിൽ ഒക്കെ പ്രളയത്തിൽ പെട്ടപ്പോൾ തങ്ങൾ അവർകൾ നിർദ്ദേശിച്ചതനുസരിച്ച് മുസ്ലിം സമുദായക്കാരായ യുവാക്കൾ അവിടെപ്പോയി പ്രശംസനീയമായ രീതിയിൽ സഹായങ്ങൾ നൽകുകയുണ്ടായി. അതിന് നന്ദി പറയുന്നതിനായി 2018 നവംബർ 16-ന് പാണക്കാട് ആദ്യം വന്നതിനെ സംബന്ധിച്ചും ലഭിച്ച സ്വീകരണത്തെയും മാർ യൂലിയോസ് നന്ദിപൂർവ്വം അനുസ്മരിച്ചു.

സഭാ മാനേജിംഗ് കമ്മിറ്റി അംഗം പി. യു. ഷാജൻ, കുന്നംകുളം ഭദ്രാസന കൗൺസിൽ അംഗം അഡ്വ. ഗിൽബർട്ട് ചീരൻ, ഡിൽജോ ഡേവീസ് പുലിക്കോട്ടിൽ തുടങ്ങിയവർ ഓർത്തഡോക്സ് പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നു. അഡ്വ. എൻ. ഷംസുദ്ദീൻ MLA, മുസ്ലിം ലീഗ് സംസ്ഥാന കൗൺസിലറും തത്സമയം ചീഫ് എഡിറ്ററുമായ ടി. പി. ചെറൂപ്പ, കെ.എം.സി.സി. – മുസ്ലീം ലീഗ് ലീഡർ അയൂബ് കള്ളിയത്ത് എന്നിവരും കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

Orthodox metropolitans visit Panakkad

MALAPPURAM: Metropolitans of the Malankara Orthodox Syrian Church visited Indian Union Muslim League (IUML) leaders at Panakkad near here on Friday with an objective of trying to strengthen the bonds between the Muslim and Christian communities in the State.

Metropolitans Geevarghese Mar Yulios and Yakob Mar Irenios reached IUML chairman Syed Hyderali Shihab Thangal’s house at Panakkad in the morning and held discussions with the Muslim League leaders. IUML general secretary P.K. Kunhalikutty, MP, State general secretary K.P.A. Majeed and district president Syed Sadikali Shihab Thangal joined the meeting. Syed Hyderali Thangal said it was a friendly visit by the metropolitans.

The Church leaders said that their visit was part of strengthening the cordial relations between the communities. They said deliberate attempts were being made from some political corners to create an impression of rift between the Christian and Muslim communities.They said none should be allowed to create communal divisions, especially during the election time. They said that they wanted to convey the message that there was no rift between the two communities.

Quoting IUML leaders, the metropolitans said that there would be judicious interventions from the authorities in Church disputes. They said they were trying to overcome the Supreme Court’s rulings in the Church dispute by bringing new legislation.

The metropolitans showed their respect to Syed Hyderali Shihab Thangal by draping him with a shawl.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പൗരസ്ത്യ ആരാധന

ഓർത്തഡോക്സ് ആരാധനാവത്സരം

ഫാ. ഡോ. ജോസഫ് ചീരൻ


അദ്ധ്യായം 5

വലിയ നോമ്പ് കാലം

മനുഷ്യാവതാരക്രിയകളിലൂടെ ക്രിസ്തു സാധിച്ച മനുഷ്യവർഗ്ഗ രക്ഷയെ പൊതുവായി പ്രസംഗിക്കുന്നവയാണ് സഭയുടെ എല്ലാ ആരാധനകളും. വലിയ നോമ്പിലെ ആരാധനകൾ ആകട്ടെ രക്ഷണ്യപ്രവർത്തനങ്ങളെ സവിശേഷമായി പ്രസംഗിക്കുന്നു. ഉപമകൾ, അടയാളങ്ങൾ, പ്രതീകങ്ങൾ, പഞ്ചഭൂതങ്ങളിന്മേലുള്ള ഇടപെടലുകൾ, കഷ്ടാനുഭവങ്ങൾ, മരണം, മരണത്തിന്മേലുള്ള വിജയം എന്നിങ്ങനെ നിരവധി രക്ഷാപദ്ധതികൾ ഈ ദിവസങ്ങളിൽ നമ്മുടെ ധ്യാനത്തിന് വിഷയീഭവിക്കുന്നു. ഏഴ് ഞായറാഴ്ചകളിലൂടെ ക്രിസ്തു എന്ന തലയോളം വളരുവാനുള്ള ക്രിസ്ത്വനുകരണത്തിന്റെ പാതയിലേക്ക് നാം പ്രവേശിക്കുകയാണ്. ശരീരത്തെയും ആത്മാവിനെയും പ്രപഞ്ചത്തെയും സൗഖ്യത്തിലേക്ക് നയിക്കുന്ന രക്ഷാപദ്ധതിയുടെ ധ്യാനം വിശ്വാസികളെ ക്രിസ്തുവിന്റെ ഉയിർപ്പിന്റെ പങ്കാളിത്തത്തിലേക്ക് നയിക്കുന്നു. അവനോടുകൂടെ മാമ്മൂദീസായിൽ നാം കുരിശിക്കപ്പെട്ട് കബറടക്കപ്പെട്ട് ഉയിർത്തെഴുന്നേൽക്കുന്നു. ഈ കൗദാശികാനുഭവത്തെ ഭൗതിക സംഭവങ്ങളിലൂടെ വരച്ചുകാട്ടുവാൻ ഈ ആഴ്ചകളിലെ ആരാധനകൾ യത്നിക്കുന്നു. വെള്ളത്തിന് രൂപാന്തരം നൽകി വീഞ്ഞാക്കുകയാണ് ആദ്യ ആഴ്ചയിൽ. ആദാമിൽ ആരംഭിച്ച പാപവീഴ്ചയുടെ വൈകല്യത്തെ പാടേ സുഖപ്പെടുത്തുന്ന വൈദ്യൻ. രക്ഷയുടെ ലക്ഷ്യം മനുഷ്യർ മാത്രമല്ല, പ്രപഞ്ചം മുഴുവനുമാണ്. അവിടെ തുടങ്ങി സാത്താനേ നീ നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്ന് പറഞ്ഞ് സാത്താന്റെ മേൽ വിജയംകൊണ്ട 40-ാം വെള്ളിയാഴ്ചയും മരണത്തെ തോൽപിച്ച ലാസറിന്റെ ശനിയാഴ്ചയും കഴിയുമ്പോൾ നാം രക്ഷയുടെ വിശേഷമായ ലോകത്ത് സാത്താനെയും രോഗത്തെയും മരണത്തെയും വിജയകരമായി അതിജീവിച്ച ലോകത്ത് എത്തിച്ചേരുന്നു.

ഈ സവിശേഷമായ ധ്യാനാനുഭവത്തിലേക്ക് നയിക്കുന്നവിധം ഈ ദിവസങ്ങളിലേക്ക് ഉപവാസം ക്രമീകരിച്ചിരിക്കുന്നു. ആഴ്ചയിൽ അഞ്ചു ദിനങ്ങൾ ഉപവാസത്തിന്റെയും നോമ്പിന്റെയും ദിനങ്ങൾ ആണ്. ഈ ദിവസങ്ങളിലേക്ക് സഭ പ്രത്യേക നമസ്കാരക്രമം തയാറാക്കിയിട്ടുണ്ട്. ഏഴ് ആഴ്ചയിലേക്കുമായി 35 ദിവസത്തേക്ക് വെവ്വേറെ നമസ്കാരങ്ങൾ സുറിയാനിയിൽ പെങ്കീസാ നമസ്കാരത്തിൽ കാണുന്നുണ്ട്. അതിൽനിന്ന് അഞ്ചുദിവസത്തെ നമസ്കാരങ്ങൾ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. സഭാകവി സി. പി. ചാണ്ടി അത് വൃത്താനുവൃത്തം പദ്യവത്ക്കരിച്ചിട്ടുള്ളതാണ് നാം ഇപ്പോൾ ഉപയോഗിക്കുന്നത്. ഹാശാ ആഴ്ചയിലേക്കും പ്രത്യേക പ്രാർത്ഥനാക്രമമുണ്ട്. അതും യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഗദ്യമായും സഭാകവി പദ്യമായും വിവർത്തനം ചെയ്തിട്ടുണ്ട്. വലിയ നോമ്പിന്റെ ഉച്ചനമസ്കാരത്തിന് 40 കുമ്പിടീൽ സവിശേഷമായി നടത്തുന്നു. ഭക്ഷണവർജ്ജനവും ആത്മതപനവും ഇക്കാലത്തെ സവിശേഷതകൾ ആണ്.

നോമ്പിന്റെ ചരിത്രം ഏദനിൽനിന്ന് ആരംഭിക്കുന്നു. നിയന്ത്രണമില്ലാത്ത ജീവിതത്തിൽ ശക്തി സംഭരണം സാധ്യമല്ല തന്നെ. പ്രവാചകന്മാർ 40 നാൾ നോമ്പുനോറ്റ സംഭവങ്ങൾ വി. വേദത്തിൽ ധാരാളം കാണാം. ആത്മശുദ്ധീകരണത്തിന് വ്രതാനുഷ്ഠാനങ്ങൾ അപരിത്യാജ്യമാണ്. ശാരീരിക പ്രലോഭനങ്ങൾ നമ്മെ കീഴടക്കാതിരിപ്പാൻ ഇത് തോൽക്കാത്ത ആയുധമാണ്. നോമ്പുകാലം ആത്മതപനത്തിന്റേതെന്നപോലെ അനുതാപത്തിന്റെയും കാലമാകണം. സത്യകുമ്പസാരം ശരീരത്തിന്റെയും ആത്മാവിന്റെയും ചികിത്സയാണ് (ശരിയായ ഒരുക്കവും അനുതാപവും പാപബോധവും ഏറ്റുപറച്ചിലും ഇല്ലാതെ അടുത്ത കാലത്ത് പകർച്ചവ്യാധിപോലെ പടർന്നുപിടിച്ചിട്ടുള്ള 'ഹൂസോയോ' രോഗം ഇടവകയുടെ വളർച്ചയെയല്ല തളർച്ചയെയാണ് വ്യക്തമാക്കുന്നത്. നവീകരണസഭകളിലെ കുമ്പസാരമില്ലായ്മയിലേക്കുള്ള വഴിയിലാണ് നാമിപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. കുമ്പസാരത്തിന്റെ സമയം, സമ്പ്രദായം എന്നീ വിഷയങ്ങളെപ്പറ്റി പുനരാലോചനയും ആരോഗ്യകരമായ പരിഷ്കാരങ്ങളും പ്രാവർത്തികമാക്കുവാൻ വൈകിയിരിക്കുന്നു.).



ഏഴു യാമങ്ങളിലെ നമസ്കാരം സാധാരണ ദിവസങ്ങളിൽ സന്ധ്യയിലും പ്രഭാതത്തിലുമായി നടത്തുമ്പോൾ വലിയ നോമ്പിൽ അത് ഉച്ചയിലും കൂടെയായി മൂന്ന് നേരമായി നടത്തുന്നു. ഉപവാസദിനങ്ങൾ ആകയാൽ തിങ്കൾ തൊട്ട് വെള്ളി വരെ ദിവസങ്ങളിൽ വി. കുർബ്ബാന ചൊല്ലുന്നില്ല. സഭയുടെ ആദ്യഘട്ടത്തിൽ ഈ നോമ്പുകാലം വിശ്വാസപരിശീലന കാലഘട്ടമായിരുന്നു. വിശ്വാസപഠനം തൃപ്തികരമായി പൂർത്തിയാക്കിയ സ്നാനാർത്ഥികൾ പള്ളിയിൽ എപ്പിസ്കോപ്പായെയോ കശ്ശീശായെയോ വിശ്വാസം ചൊല്ലി കേൾപ്പിക്കണം. തൃപ്തികരമായി വിശ്വാസ സംഹിതകൾ ചൊല്ലി കേൾപ്പിക്കുന്നവർക്ക് കൃംതായുടെ തൊട്ടുമുമ്പുള്ള ശനിയാഴ്ച മാമ്മൂദീസാ നൽകും. അന്ന് സഭയിൽ മാമ്മൂദീസാ ദിനമാകയാൽ എല്ലാവർക്കും ആത്മീയ മാതാവായ തൊട്ടിയെ വന്ദിക്കുവാനായി അത് തുറന്നു വെയ്ക്കണമെന്ന് കാനോനിൽ നിർദ്ദേശിച്ചിട്ടുണ്ട്. നോമ്പിൽ രണ്ട് ആഴ്ചകൾക്ക് ശേഷം മാമ്മൂദീസാ പാടില്ല എന്ന പാരമ്പര്യം രൂപം കൊണ്ടത് ഈ പശ്ചാത്തലത്തിലാണ്. വിശ്വാസം പഠിപ്പിക്കാൻ ആവശ്യമില്ലെങ്കിലും അനുതാപികൾക്ക് ശരിയായി കുമ്പസാരം നടത്തുവാൻ വലിയ നോമ്പിൽ പട്ടക്കാർ പള്ളിയിൽ കാലത്ത് ആറു മണി മുതൽ സന്ധ്യക്ക് എട്ടുവരെ ഉണ്ടായിരിക്കുവാൻ, ചുമതലപ്പെട്ടവർ നിഷ്കർഷിക്കേണ്ടതാണെന്ന് തോന്നുന്നു. സഭയിലെ സകല ആത്മീയ സംഘടനകളിലെയും അംഗങ്ങൾ ഈ ദിവസങ്ങളിൽ നിശ്ചിത പ്രോഗ്രാം അനുസരിച്ച് വ്യക്തിഗത കുമ്പസാരം നടത്തുവാൻ ക്രമീകരണം ഉണ്ടാക്കേണ്ടതാണ് (അങ്ങനെ വന്നാൽ പെസഹാ കുമ്പസാരവും പൊതുയോഗ കുമ്പസാരവും ഒക്കെ ഒഴിവാക്കുവാൻ കഴിഞ്ഞേക്കും. വി. കുർബ്ബാനയില്ലാത്ത ദിവസങ്ങൾ ആയതിനാൽ ആവശ്യാനുസരണം സമയം എടുത്ത് കുമ്പസാരിക്കുവാൻ കഴിയുമല്ലോ. കുമ്പസാരസ്ഥലവും സജ്ജീകരണങ്ങളും പ്രത്യേകം ക്രമീകരിക്കണം.).

A. നോമ്പിലെ ഒന്നാം ഞായർ. കൊത്തിനെ.

പേത്തുർത്തോ - 1/5

സ്വഭാവത്തിലെ മാധുര്യം ക്രിസ്തീയതയുടെ വളർച്ചയുടെ ഒരു ഘട്ടമാണ്. ആത്മസമർപ്പണം കൊണ്ട് ഈ മാധുര്യം ദൈവത്തിൽ നിന്ന് പ്രാപിക്കുവാൻ വലിയ നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നു. മധുരമായ ഇടപെടൽ കൊണ്ട് സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാനുള്ള സാമൂഹിക പ്രതിബദ്ധതയിലേക്ക് വലിയ നോമ്പുകാലം നമ്മെ ഉദ്ബുദ്ധരാക്കുന്നു. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞുപോയി. ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു എന്നിങ്ങനെയുള്ള വേദപ്രസ്താവനകൾ ഈ 'കാലം' സാക്ഷാത്ക്കരിക്കുന്നു. എ.ഡി. നാലാം നൂറ്റാണ്ടിന് മുമ്പേ സഭയിൽ ആരംഭിച്ച വലിയ നോമ്പിന്റെ ആരംഭം മാമ്മൂദീസായിലെ പുതിയ സൃഷ്ടിയെ പുനരവതരിപ്പിക്കുന്നു എന്നത് ശ്രദ്ധേയം.

വായനകൾ: വി. യോഹന്നാൻ 2:1-11, വി. ലൂക്കോസ് 16:1-18, വി. യൂഹാനോൻ 2:1-11, ഉല്പത്തി 9:12-21, പുറപ്പാട് 20:7-22, 1 രാജാ. 18:29-46, യോവേൽ 2:12-20, ഏശയാ 58:6-14, പ്രവൃത്തി 11:19-26, എഫേസ്യർ 4:17-32.

പെസ്ഗോമോ. സങ്കീർത്തനം 77:14, സങ്കീ. 46:7.

'നീ അത്ഭുതം പ്രവർത്തിക്കുന്ന ദൈവം ആകുന്നു, നിന്റെ ബലം ജനങ്ങളുടെ ഇടയിൽ നീ വെളിപ്പെടുത്തിയിരിക്കുന്നു.'

'സൈന്യങ്ങളുടെ യഹോവ നമ്മോടു കൂടെയുണ്ട്. യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു.'

നോമ്പിലെ ഒന്നാം തിങ്കളാഴ്ച

വലിയ നോമ്പാരംഭിക്കുന്ന ദിവസം വിശ്വാസികൾ പള്ളിയിൽ ഉച്ചനമസ്കാരത്തിന് ഹാജരാകുകയും തൽസമയം പട്ടക്കാർ കന്തീലായുടെ ക്രമപ്രകാരം സൈത്ത് വാഴ്ത്തി തങ്ങളെയും ജനത്തെയും പൂശുകയും ചെയ്തുവന്നിരുന്നു. അനുതാപത്തിന്റെ ക്രമമായ കന്തീലാ അനുതാപ പ്രധാനമായ നോമ്പിന്റെ പ്രവേശനസമയത്ത് നടത്തുന്നത് സമുചിതമാണെങ്കിലും 1875-ൽ മലങ്കര സന്ദർശിച്ച അന്ത്യോഖ്യയുടെ പത്രോസ് തൃതീയൻ പാത്രിയർക്കീസ് അത് നിർത്തലാക്കുകയും ദുഃഖശനിയാഴ്ച വി. കുർബ്ബാനയ്ക്ക് ശേഷം നടത്തുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ശുബ്ക്കോനോയുടെ ക്രമം തൽസ്ഥാനത്ത് നിർദ്ദേശിക്കുകയും ചെയ്തു. സ്വർഗ്ഗത്തെയും ഭൂമിയെയും രമ്യമാക്കിയ സമാധാന സന്ദേശം ഉയിർപ്പിന്റേതാണ്. അതിന്റെ ഒരുക്കമായി ശനിയാഴ്ച വി. കുർബ്ബാന കഴിഞ്ഞ് നിരപ്പിന്റെ ശുശ്രൂഷയായ ശുബ്ക്കോനോ നടത്തുന്നത് പ്രസക്തമാണ്. പഴയരീതിയിൽ മേല്പട്ടക്കാരെപ്പോലെ പട്ടക്കാർ സൈത്ത് റൂശ്മാ ചെയ്യുന്നു എന്നതാവാം മേല്പട്ടസ്ഥാനിയായ പാത്രിയർക്കീസിനെ പ്രകോപിപ്പിച്ചത്. അപ്രസക്തമായ ആ ക്രമം നാം ഇന്നും നോമ്പാരംഭത്തിൽ ചുമക്കുന്നു.

(ഞായറാഴ്ച നാലു മണിയോടുകൂടി വലിയനോമ്പിലെ തിങ്കളാഴ്ചയുടെ സന്ധ്യാ സൂത്താറാ നമസ്കാരങ്ങൾ പൂർത്തിയാക്കി കന്തീലായുടെ ക്രമപ്രകാരം സൈത്ത് കൂദാശ ചെയ്ത് എല്ലാവരെയും പൂശുന്ന പക്ഷം കൂടുതൽ പേർക്ക് അതിൽ സംബന്ധിക്കാനാവും. പ്രധാന പള്ളിയിൽ ശുശ്രൂഷ നടത്തുകയും അയൽപള്ളികളിലെ വൈദികരും ജനങ്ങളും അതിൽ സംബന്ധിക്കുകയും ചെയ്താൽ ശുശ്രൂഷയുടെ ഗൗരവവും മനോഹാരിതയും വർദ്ധിക്കുന്നു. അധികൃതർ ഈ നിർദ്ദേശം പരിഗണിക്കുമെന്ന് കരുതുന്നു.)

ശുബ്ക്കോനോ

വായനകൾ: 1 യോഹ. 4:11-21, 1 കൊരി. 13:4-10, വി. മത്തായി 18:12-35.

പെസ്ഗോമോ. സങ്കീർത്തനം 32:1: 'ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ.'

പ്രഭാതം. ഉല്പത്തി 1:1-12, 1 രാജാ. 3:5-12, ബാറാസീറാ 7:7-21, ഏശായ 29:15-24, യാക്കോബ് 1:2-12, റോമർ 1:18-25, വി. മത്തായി 4:1-11.

നോമ്പിലെ ഒന്നാം ചൊവ്വ

വായനകൾ: വി. ലൂക്കോസ് 4:1-13, വി. മത്തായി 6:1-6, യെറമിയ 11:1-8, ഹോശയാ 14:2-10, എസക്കിയേൽ 20:5-14, ഏശായ 30:1-4, യാക്കോബ് 1:13-23,

ദൈവമാതാവിനോടുള്ള വചനിപ്പ് മാർച്ച് 25 എന്ന് സ്ഥിരീകരിക്കപ്പെട്ടതോടെ ജനപ്പെരുന്നാൾ ഒമ്പത് മാസങ്ങൾക്കുശേഷം ഡിസംബർ 25 എന്ന് അംഗീകരിക്കപ്പെട്ടു. എ.ഡി. 407-ൽ സ്വർണ്ണനാവുകാരനായ ഈവാനിയോസ് ആണ് ഡിസംബർ 25-നെപ്പറ്റി ആദ്യം പ്രസ്താവിച്ച് കാണുന്നത്. പൗരസ്ത്യ സഭയിലും കിഴക്കൻ സഭകളിലും ഈ തീയതിയിലെ ആഘോഷം ആരംഭിച്ചത് പല കാലങ്ങളിലായിട്ടാണ്. ക്രിസ്തുവിന്റെ ജനനം അതിശൈത്യമുള്ള ഒരു രാത്രിയിൽ ആയിരുന്നു. അട്ടിടയന്മാർ അനുഭവിച്ച ആ ശൈത്യം അന്നത്തെ ആരാധനയിലൂടെ നാം അനുഭവിക്കുന്നു. അന്ധകാരയുഗം പ്രകാശത്തെ പ്രസവിച്ചു എന്ന സത്യത്തിന് ഈ ആരാധനയിലൂടെ വിശ്വാസികൾ സാക്ഷികളാകുന്നു.

എഫേ. 4:32-5:4, 15-21.

നോമ്പിലെ ഒന്നാം ബുധൻ

വി. മത്തായി 6:19-24, വി. ലൂക്കോസ് 16:14-18, വി. മത്തായി 6:25-34, ഉല്പത്തി 1:14-18, 1 രാജാ. 18:1-10, ഏശായ 13:6-13, യാക്കോബ് 1:22-2:5, റോമർ 2:7-24.

നോമ്പിലെ ഒന്നാം വ്യാഴം

വി. മത്തായി 7:1-12, 7:13-27, ഇയ്യോബ് 8:1-22, 1 രാജാ. 18:16-24, ഏശായ 36:1-7, 37:1-7, യാക്കോബ് 2:14-26, റോമർ 2:28-3:8, വി. മത്തായി 7:13-27.

നോമ്പിലെ ഒന്നാം വെള്ളി

വി. മത്തായി 5:17-26, യെഹസ്കിയേൽ 18:20-32, ഹോശയാ 4:1-11, ഏശായ 1:1-9, യാക്കോബ് 3:13-4:5, റോമർ 3:9-26, വി. മത്തായി 5:27-37.

നോമ്പിലെ ഒന്നാം ശനിയാഴ്ച
മാർ അപ്രേം മാർ തേവോദോറോസ് ഓർമ്മ (രാഗം 8)

വി. മത്തായി 10:24-38, വി. യോഹന്നാൻ 15:17-16:3, വി. യോഹന്നാൻ 4:46-54, ഉല്പത്തി 2:8-25, സഖറിയാ 7:8-14, ഏശായ 1:24-31, പ്രവൃത്തി 12:1-24, റോമർ 12:10-21.

B. നോമ്പിലെ രണ്ടാം ഞായർ (ഗർബോ) 2/6

കുഷ്ഠരോഗിയുടെ നൊമ്പരം രണ്ടാണ്. ഒന്ന് ശാരീരിക വ്രണങ്ങൾ സൃഷ്ടിക്കുന്ന വേദന. രണ്ട്, സഭയും സമൂഹവും അവന്റെമേൽ ആരോപിക്കുന്ന അശുദ്ധി മൂലമുള്ള മാനസികവേദന.

വൈയക്തികവും സാമൂഹികവും ആയ എല്ലാ അശുദ്ധികളും നിർമ്മാർജ്ജനം ചെയ്യുവാൻ വന്ന സ്വർഗ്ഗീയ വൈദ്യനായ ക്രിസ്തു എല്ലാ തലങ്ങളിലും അവന് പൂർണ്ണ സൗഖ്യം നൽകുന്നു. കുഷ്ഠത്തെപ്പോലെ അസൂയ, ദുഷ്കാമം, അസഹിഷ്ണുത, സ്വാർത്ഥത തുടങ്ങിയ മാനസിക രോഗങ്ങൾ ക്രിസ്തീയ വ്യക്തിത്വത്തെ വിരൂപമാക്കുന്ന കുഷ്ഠരോഗങ്ങൾ തന്നെ. പുതിയ മനുഷ്യനാകുവാൻ ഈവക ആത്മീയ രോഗങ്ങളിൽനിന്ന് വിമുക്തി നേടണം. നോമ്പുകാലത്തെ ആരാധന നമ്മുടെ ആഭ്യന്തരവും ബാഹ്യവുമായ രോഗങ്ങളെപ്പറ്റി ബോധ്യം വരുത്തുന്നു; ശുദ്ധനാക്കുവാൻ കുമ്പസാരത്തിലൂടെ കൈ ഉയർത്തുകയും ചെയ്യുന്നു.

വായനകൾ: വി. മർക്കോസ് 1:32-45, വി. മത്തായി 7:28-8:13, വി. ലൂക്കോസ് 5:12-16, 4:40-41, ഉല്പത്തി 7:6-19, യിരമ്യാവ് 15:15-21, ഏശായ 33:2-9, പ്രവൃത്തി 9:22-31, റോമർ 3:27-4:5

പെസ്ഗോമോ. സങ്കീർത്തനം 72:13, 14, സങ്കീ. 144:9

'എളിയവനോടും ദരിദ്രനോടും അവൻ ദയ കാണിക്കും; ദരിദ്രന്മാരുടെ ജീവനെ അവൻ രക്ഷിക്കും.'

'ദൈവമേ ഞാൻ നിനക്ക് ഒരു പുതിയ പാട്ടു പാടും. പത്തു കമ്പിയുള്ള കിന്നരം കൊണ്ട് ഞാൻ നിനക്ക് കീർത്തനം ചെയ്യും.'

നോമ്പിലെ രണ്ടാം തിങ്കൾ

ഉല്പത്തി 34:25-35, 2 ശമു. 16:5-12, ഹോശയാ 2:21-3:5, യാക്കോബ് 4:7-5:6, 1 തീമോത്തി. 2:1-15, വി. ലൂക്കോസ് 6:27-36.

നോമ്പിലെ രണ്ടാം ചൊവ്വ

വി. ലൂക്കോസ് 6:37-49, വി. മർക്കോസ് 4:2-34, പുറപ്പാട് 16:17-27, 2 രാജാ. 7: 1-10, ഏശായ 33:1-6, പ്രവൃത്തി 10:25-33, 1 കൊരി. 6:1-11.

നോമ്പിലെ രണ്ടാം ബുധൻ

വി. മത്തായി 18:1-11, വി. ലൂക്കോസ് 11:1-13, പുറപ്പാട് 14:1-17, സദൃശ. 7:1-11, സഖറിയാ 8:18, 1 യോഹന്നാൻ 1:1-15, 1 കൊരി. 8:1-13.

നോമ്പിലെ രണ്ടാം വ്യാഴം

വി. ലൂക്കോസ് 16:1-13, വി. ലൂക്കോസ് 18:1-8 + വി. മത്തായി 18:18-20, സംഖ്യ 16:1-10, 1 രാജാ. 1:1-14, ഏശായ 22:20-25, പ്രവൃത്തി 10:34-48, 1 കൊരി. 9:1-12.

നോമ്പിലെ രണ്ടാം വെള്ളി

വി. മത്തായി 16:21-28, വി. മത്തായി 5:38-48, പുറപ്പാട് 21:21-26, ഇയ്യോബ് 25:1-6, സങ്കീർത്തനം 94:1-23, പ്രവൃത്തി 11:1-18, റോമർ 1:13-25.

നോമ്പിലെ രണ്ടാം ശനി

ആവർത്തനം 30:1-7, 1 ശമു. 12:19-25, ഏശായ 25:1-10, പ്രവൃത്തി 13:40-52, 2 കൊരി. 8:1-8, വി. മർക്കോസ് 1:21-28.

C. നോമ്പിലെ മൂന്നാം ഞായർ. മ്ശറിയോ 3/7

ക്രിസ്തീയ ജീവിതത്തിന്റെ വ്യക്തിപരവും സാമൂഹികവുമായ വളർച്ചയിൽ തളർന്നുപോകുന്ന അവസ്ഥകൾ ഉണ്ടാകാം. അവർ ക്രിസ്തു മാർഗ്ഗത്തിലേക്ക് ഉപനയിക്കപ്പെടണം. സൗഖ്യമാക്കുന്ന ശബ്ദം, സ്പർശം തുടങ്ങിയവ ഊർജ്ജം പകരുന്ന സ്രോതസ്സുകൾ ആണ്. തളർന്നവൻ നിരാശനാകേണ്ടതില്ല; ദൈവ സന്നിധിയിൽ അവന്റെയും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്. വിശ്വാസത്തിൽ തളർന്നവനെ സഹവിശ്വാസികൾ ധൈര്യപ്പെടുത്തണം. അന്യോന്യം പ്രബോധിപ്പിക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്യുവാൻ വി. പൗലൂസ് പ്രബോധിപ്പിക്കുന്നത് ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുവാൻ.

വി. ലൂക്കോസ് 5:17-26, വി. യോഹന്നാൻ 5:1-18, വി. മർക്കോസ് 2:1-12, 2 ദിനവൃത്താന്തം 1:12-18, ആവർത്തനം 31:19-30, ഏശായ 5:20-25, പ്രവൃത്തി 28:17-28, റോമർ 5:1-11.

പെസ്ഗോമോ. സങ്കീർത്തനം. 145:8, 9, സങ്കീ. 107:20.

'യഹോവ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവൻ ആകുന്നു.'

'അവൻ തന്റെ വചനം അയച്ച് അവരെ സൗഖ്യമാക്കി. അവരുടെ നാശത്തിൽനിന്ന് അവരെ വിടുവിച്ചു.'

നോമ്പിലെ മൂന്നാം തിങ്കൾ

ഉല്പത്തി 18:20-33, ന്യായാധി. 6:11-21, സങ്കീ. 67:1-7, പ്രവൃത്തി 28:1-10, 1 തീമോത്തി. 6:1-12, വി. മർക്കോസ് 2:13-22.

നോമ്പിലെ മൂന്നാം ചൊവ്വ

വി. മർക്കോസ് 10:17-27, വി. മർക്കോസ് 4:1-20, പുറപ്പാട് 20:1-19, ഇയ്യോബ് 3:1-15, സദൃശ. 3:1-12, യാക്കോബ് 1:27-2:13, എഫേസ്യർ 2:4-18.

നോമ്പിലെ മൂന്നാം ബുധൻ

വി. ലൂക്കോസ് 9:44-50, 57-62, വി. ലൂക്കോസ് 12:32-40, ലേവ്യ 25:35-46, 1 ശമുവേൽ 9:18-27, ഏശായ 65:16-25, യാക്കോബ് 2:14-26, എഫേസ്യർ 6:1-9.

നോമ്പിലെ മൂന്നാം വ്യാഴം

വി. ലൂക്കോസ് 13:18-30, വി. മർക്കോസ് 9:30-42, സംഖ്യ 12:1-10, 2 ദിവൃത്താന്തം 26:11-21, മീഖാ 6:1-8, യാക്കോബ് 4:1-17, ഫിലിപ്പ്യർ 1:1-11.

നോമ്പിലെ മൂന്നാം വെള്ളി

വി. മത്തായി 6:5-15, വി. യാക്കോബ് 11:24-55, വി. ലൂക്കോസ് 18:9-17, ഇയ്യോബ് 22:13-20, 2 ദിനവൃത്താന്തം 18:18-27, ഏശായ 1:10-20, 1 പത്രോസ്. 3:7-15, റോമർ 2:2-13.

നോമ്പിലെ മൂന്നാം ശനി

പുറപ്പാട് 16:4-10, 2 രാജാ. 4:38-44, ഹോശയാ 2:18-23, 1 പത്രോസ് 2:1-10, ഫിലിപ്പ്യർ 2:12-30, വി. മർക്കോസ് 8:1-10.

D. നോമ്പിലെ നാലാം ഞായർ. ക്നാനൈത്തോ 4/8

ക്രിസ്തീയ വളർച്ചയുടെ പരിപൂർണ്ണതയ്ക്ക് മാനസികാരോഗ്യവും ആവശ്യം. കർത്താവിന്റെ കൈ മാത്രമല്ല വചനംപോലും സൗഖ്യദായകമാണ്. മുട്ടുക, യാചിക്കുക, അന്വേഷിക്കുക ഇവയുടെ നൈരന്തര്യം ഫലപ്രാപ്തി നൽകുന്നു. ക്ഷമയോടെ പ്രാർത്ഥിക്കുവാൻ പരിശീലിക്കേണ്ടിയിരിക്കുന്നു. ഭൂതബാധയിൽനിന്ന് സമൂഹത്തെ ക്രിസ്തു വീണ്ടെടുക്കുവാൻ സഭയെ ഉപകരണമാക്കി വച്ചിരിക്കുന്നു. നോമ്പുകാലത്ത് ക്രിസ്തുവിന്റെ ശക്തികൾ നിരന്തരമായ ഉപാസനയിലൂടെ ആവാഹിച്ചെടുക്കേണ്ടതുണ്ട്. ആത്യന്തിക വിശകലനത്തിൽ സ്വജാതികൾ, പുറജാതികൾ എന്ന വിവേചനം അസ്വീകാര്യമെന്ന പക്ഷതയിലേക്ക് നോമ്പുകാലാരാധന അവനെ വളർത്തുന്നു. ദൈവത്തിന്റെ പിതൃത്വത്തിൽ അധിഷ്ഠിതമായ ഏക മനുഷ്യസങ്കല്പത്തിലേക്കാണ് അവൻ വളരേണ്ടത്. ആദാം മുതലുള്ള മനുഷ്യവർഗ്ഗത്തിന്റെ രക്ഷയുടെയും പരിത്രാണനത്തിന്റെയും പ്രതീകാത്മക ചരിത്രമാണ് നോമ്പുകാലത്തെ ആരാധന അനാവരണം ചെയ്യുന്നത്.

വായനകൾ: വി. മർക്കോസ് 7:24-37, വി. ലൂക്കോസ് 7:1-10, വി. മത്തായി 15:21-31, 1 ശമുവേൽ 7:10-17, ഹഗ്ഗായി 1:7-11, ഏശായ 56:2-5, പ്രവൃത്തി 20:22-32, റോമർ 7:14-25

പെസ്ഗോമോ. സങ്കീർത്തനം 69:33, സങ്കീർത്തനം 34:6

'യഹോവ ദരിദ്രന്മാരുടെ പ്രാർത്ഥന കേൾക്കുന്നു; തന്റെ ബദ്ധന്മാരെ നിന്ദിക്കുന്നതുമില്ല.'

'ഈ എളിയവൻ നിലവിളിച്ചു. യഹോവ കേട്ടു. അവന്റെ സകല കഷ്ടതകളിൽനിന്നും അവനെ രക്ഷിച്ചു.'

നോമ്പിലെ നാലാം തിങ്കൾ

ലേവ്യ 16:2-10, ഇയ്യോബ് 24:1-17, ആമോസ് 6:1-19, പ്രവൃത്തി 14:19-5:3, 2 കൊരി. 11:1-15, വി. മർക്കോസ് 12:35-44.

നോമ്പിലെ നാലാം ചൊവ്വ

വി. മത്തായി 20:1-16, വി. മത്തായി 11:25-12:8, സംഖ്യ 28:1-8, 1 ശമുവേൽ 21:1-7, യിരമ്യാവ് 6:16-21, പ്രവൃത്തി 15:13-22, 1 കൊരി. 16:13-24.

പാതിനോമ്പ്. നോമ്പിലെ നാലാം ബുധൻ

പള്ളിയകത്ത് തലേ സന്ധ്യയിൽ പ്രാർത്ഥനാപൂർവ്വം നാട്ടിയ ഗോഗുൽത്തായിൽ, വി. കുർബ്ബാനമദ്ധ്യേ കുരിശെടുത്ത് ആഘോഷിച്ച് പ്രതിഷ്ഠിക്കുന്നു. ബലിപീഠം ജനങ്ങളുടെ മദ്ധ്യേ. ഇമ്മാനുവേൽ എന്ന പദം കൂടുതൽ അന്വർത്ഥം. രക്ഷാകരമായ ബലിയർപ്പണ ചിന്തകളിലേക്ക് സഭ ഉയരുന്നു. മോശയുടെ പിത്തളസർപ്പം പഴയനിയമസൂചകം. ത്രോണോസിന്റെ ബഹുമതി ഗോഗുൽത്തായ്ക്ക് കൊടുക്കുന്നു. കർത്താവിന്റെ ജനകീയ ഇടപെടലുകൾ, ജനകീയ പ്രതികരണങ്ങൾ, ജനകീയ രോഷം. വിശ്വാസികളെ ബലപ്പെടുത്തുന്ന കാലം. വി. കുർബാനയുണ്ടെങ്കിലും നമസ്കാരങ്ങൾ പൂർണ്ണമായും നോമ്പിന്റേതു തന്നെ. മറിച്ച് ചിലർ എഴുതിയിട്ടുള്ളത് കാനോനികമാണെന്ന് തോന്നുന്നില്ല.

വി. മത്തായി 17:22-27, വി. യോഹന്നാൻ 7:14-15, 3:13-21, വി. യൂഹാനോൻ 7:14-15, 3:13-21, സംഖ്യാ 21:4-9, 1 ശമുവേൽ 7:5-12, സദൃശ. 30:1-17, പ്രവൃത്തി 15:23-33, 2 കൊരി. 9:1-15.

നോമ്പിലെ നാലാം വ്യാഴാഴ്ച

വി. ലൂക്കോസ് 15:11-32, വി. മത്തായി 19:16-26, ആവർത്തനം 5:6-22, സങ്കീർത്തനം 41:1-13, ദാനിയേൽ 4:24-37, പ്രവൃത്തി 15:35-41, 2 കൊരി. 1:13-22.

നോമ്പിലെ നാലാം വെള്ളി

വി. ലൂക്കോസ് 16:19-31, വി. ലൂക്കോസ് 17:1-10, ലേവ്യ 19:9-20, ഇയ്യോബ് 27:1-10, ദാനിയേൽ 9:1-11, പ്രവൃത്തി 16:1-7, 2 കൊരി. 12:19-13:13

നോമ്പിലെ നാലാം ശനിയാഴ്ച

ഉല്പത്തി 18:1-15, 2 ശമുവേൽ 9:1-8, ഏശായ 55:1-11, പ്രവൃത്തി 16:8-15, 1 കൊരി. 9:14-27, വി. ലൂക്കോസ് 9:10-17.

E. നോമ്പിലെ അഞ്ചാം ഞായർ (ക്ഫിഫ്ത്തോ) 5/1

ഭൗമികവും ഭൗതികവും മാത്രമായ കാര്യങ്ങളിൽ ജീവിതചക്രവാളം പരിമിതപ്പെടുത്തുന്ന ക്രൈസ്തവ വീക്ഷണം ക്രിസ്തീയ ജീവിതത്തിന് അനുയോജ്യമല്ല. ആത്മീയവും അലൗകികവുമായ വിഷയങ്ങളെ ജീവിതചക്രവാളത്തിന്റെ പരിധിയിൽ വരുത്തുവാൻ ക്രിസ്തീയത നമ്മോട് ആവശ്യപ്പെടുന്നു. സമഷ്ടിയെ സംവഹിക്കുവാനുള്ള ജീവിതപദ്ധതിയാണ് ക്രിസ്തീയത. കർത്തൃപ്രാർത്ഥനയിലെ ബഹുവചന പ്രയോഗത്തിൽ ഇതാണ് അർത്ഥമാക്കുന്നത്. സങ്കോചിച്ചുപോയ വീക്ഷണചക്രവാളത്തെ വികസ്വരമാക്കുവാനുള്ള പരിശീലനം നോമ്പുകാലം നൽകുന്നു.

വി. ലൂക്കോസ് 10:25-37, വി. ലൂക്കോസ് 7:11-17, യിരമ്യാവ് 51:1-9, ബാറാസീറാ 51:17-39, ഏശായ 49:25- 5:5, 1 പത്രോസ് 3:8-16, റോമർ 12:1-15, വി. ലൂക്കോസ് 13:10-17.

പെസ്ഗോമോ. സങ്കീർത്തനം 92:5, സങ്കീർത്തനം 144:14.

'യഹോവേ, നിന്റെ പ്രവൃത്തികൾ എത്ര വലുതാകുന്നു. നിന്റെ വിചാരങ്ങൾ അത്യന്തം അഗാധമായവ തന്നെ.'

'ഞങ്ങളുടെ കാളകൾ ചുമട് ചുമക്കട്ടെ. മതിൽ തകർക്കുന്നതും പടയ്ക്കു പുറപ്പെടുന്നതും ഞങ്ങളുടെ തെരുവീഥികളിൽ നിലവിളിയും ഇല്ലാതിരിക്കട്ടെ.'

നോമ്പിലെ അഞ്ചാം തിങ്കൾ

ഉല്പത്തി 20:8-18, 2 രാജാ. 19-25, യിരമ്യാവ് 33:6-11, പ്രവൃത്തി 19:13-22, റോമർ 9:14-21, വി. ലൂക്കോസ് 4:31-41.

നോമ്പിലെ അഞ്ചാം ചൊവ്വ

വി. മർക്കോസ് 3:1-12, വി. മർക്കോസ് 5:2-20, പുറപ്പാട് 14:21-31, യോശുവാ 8:18-27, ഏശായ 40:12-24, പ്രവൃത്തി 18:19-28, റോമർ 1:26-32.

നോമ്പിലെ അഞ്ചാം ബുധൻ

വി. മർക്കോസ് 6:30-46, വി. മത്തായി 14:14-23, ആവർത്തനം 31:16-23, 2 ശമുവേൽ 19:24-30, ഏശായ 41:8-17, പ്രവൃത്തി 20:29-38, 1 കൊരിന്ത്യർ 10:1-13.

വലിയ നോമ്പിലെ അഞ്ചാം വ്യാഴം

വി. മത്തായി 14:24-36, വി. മർക്കോസ് 6:47-56, ഉല്പത്തി 50:14-22, സഭാപ്രസംഗി 5:1-9, ഏശായ 12:1-9, പ്രവൃത്തി 19:8-12, കൊലോസ്യർ 3:1-17.

നോമ്പിലെ അഞ്ചാം വെള്ളി

വി. മർക്കോസ് 5:21-48, വി. മത്തായി 9:18-31, ആവർത്തനം 27:16-28, 2 രാജാക്കന്മാർ 4:32-37, ഹോശയാ 6:1-6, പ്രവൃത്തി 16:27-40, 1 തീമോത്തി. 1:1-20.

നോമ്പിലെ അഞ്ചാം ശനി

ആവർത്തനം 30:1-7, സങ്കീർത്തനം 78:1-22, സദൃശ. 28:16-28, യെഹസ്കിയേൽ 15:1-8, പ്രവൃത്തി. 5:33-42, 1 തെസ്സലോനിക്യർ 2:13-20, വി. ലൂക്കോസ് 6:1-12.

F. നോമ്പിലെ ആറാം ഞായർ (സമിയോ) സഭാദിനം 6/2

സ്വാർത്ഥകാര്യങ്ങളിൽ കാഴ്ച പരിമിതപ്പെട്ടവർ, ഭൗതികവും ഭൗമികവും ആയ കാര്യങ്ങളിൽ മാത്രം നോക്കി ശീലിച്ചവർ എന്നിങ്ങനെ മനുഷ്യർ നാനാവിധ അന്ധതകളുടെ അന്തരീക്ഷത്തിലാണ് കഴിയുന്നത്. ഹ്രസ്വവീക്ഷണമുള്ള അവർക്ക് അലൗകിക കാര്യങ്ങളെ കാണുവാൻ കഴിയുന്നില്ല. ക്രിസ്തുവിശ്വാസി ഈ ജീവിതത്തിൽ സ്വാർത്ഥരഹിത വീക്ഷണമുള്ളവനും പരകാര്യങ്ങളോട് ദയാലുവും മരണാനന്തരകാര്യങ്ങൾ വിശ്വാസക്കണ്ണുകൊണ്ട് കാണുവാൻ പ്രാപ്തനുമായിരിക്കണം. വീക്ഷണചക്രവാളത്തിന്റെ ഈ വികാസം നോമ്പുകാലത്തെ പരിശീലനമാണ്. ഈ കാഴ്ചപ്പാടിലേക്ക് വളർന്നാലേ ക്രിസ്തുവിന്റെ പല പ്രബോധനങ്ങളെയും അവയുടെ ധ്വന്യാർത്ഥങ്ങളെയും ഗ്രഹിക്കാനാവൂ. പിറവിക്കുരുടനും തുപ്പലും മണ്ണുതേക്കലും ശീലോഹോം കുളത്തിലെ കഴുകലും എല്ലാം പ്രതീകാത്മകമായി വിലയിരുത്തുവാൻ നോമ്പുകാലത്തിന്റെ പശ്ചാത്തലം നമ്മോടാവശ്യപ്പെടുന്നു. വിശ്വാസപരിശീലനത്തിന്റെ ഈ കാലം ദർശനവ്യാപ്തി, ഉൾക്കാഴ്ചയെ ആഴപ്പെടുത്തൽ, ക്രിസ്തുവിന്റെ പുനരാഗമന പ്രത്യാശ എന്നിവയുടെ പുതുക്കത്തിന് ഉതകുംവിധം ധ്യാനചിന്തകളെ വളർത്തിയെടുക്കണം. സഭാദിനം എന്ന നിലയിൽ സഭയുടെ പ്രവർത്തനസരണികളെ ലക്ഷ്യോന്മുഖമായി പുനഃക്രമീകരിക്കുവാനും പരാജയങ്ങളെയും അന്ധതകളെയും കുറിച്ച് അനുതപിക്കുവാനും ഉൾക്കാഴ്ചയുള്ളവരെ മുൻനിര പ്രവർത്തകരാക്കി പ്രവർത്തനം പുനഃസംഘടിപ്പിക്കുവാനും കഴിയണം. സഭയിൽ നിന്നുള്ള ചോർച്ച തടയാൻ ഈ വഴിക്കുള്ള ശ്രമം അപരിത്യാജ്യമാണ്.

വി. മത്തായി 9:32-35, വി. ലൂക്കോസ് 10:46-52, വി. മത്തായി 20:29-34, 12:22-28, ആവർത്തനം 25:13-26:5, ഇയ്യോബ് 42:1-8, യിരമ്യാവ് 51:10-19, 1 പത്രോസ് 4:12-19, റോമർ 14:10-23, വി. യോഹന്നാൻ 9:1-41.

പെസ്ഗോമോ. സങ്കീർത്തനം 40:5, സങ്കീർത്തനം 117:16-17.

'എന്റെ ദൈവമായ യഹോവേ, നീ ചെയ്ത അത്ഭുതപ്രവൃത്തികളും ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വിചാരങ്ങളും വളരെയാകുന്നു. നിന്നോട് സദൃശൻ ആരുമില്ല.'

'യഹോവയുടെ വലംകൈ ഉയർന്നിരിക്കുന്നു. യഹോവയുടെ വലംകൈ അത്ഭുതം പ്രവർത്തിക്കുന്നു.'

നോമ്പിലെ ആറാം തിങ്കൾ (ഊശാന തിങ്കൾ)

ഉല്പത്തി 49:8-12, 2 ശമുവേൽ 17:18-29, യിരമ്യാവ് 35:1-11, പ്രവൃത്തി 2:37-47, 1 തെസ്സലോനിക്യർ 4:1-12, വി. ലൂക്കോസ് 18:31-34, 19:1-10.

നോമ്പിലെ ആറാം ചൊവ്വാ (ഊശാന ചൊവ്വ)

വി. ലൂക്കോസ് 9:18-27, വി. മർക്കോസ് 10:32-45, ഉല്പത്തി 41:1-7, 28-34, 1 ശമു. 17:34-51, സഖറിയാ 9:9-17, പ്രവൃത്തി 21:1-12, റോമർ 8:12-27.

നോമ്പിലെ ആറാം ബുധൻ (ഊശാന ബുധൻ)

വി. മത്തായി 8:23-9:1, വി. മർക്കോസ് 4:35-41 + വി. മത്തായി 9:2-8, ഉല്പത്തി 45:1-7, 28-34, 2 ദിനവൃത്താന്തം 20:1-10, ഏശായ 63:7-19, പ്രവൃത്തി 14:7-19, ഗലാത്യർ 5:13-26.

നോമ്പിലെ ആറാം വ്യാഴം (ഊശാന വ്യാഴം)

വി. ലൂക്കോസ് 4:33-41, വി. മർക്കോസ് 8:22-27 + വി. മത്തായി 20:17-19 + വി. ലൂക്കോസ് 18:34-43, പുറപ്പാട് 15:1-21, 2 ദിനവൃത്താന്തം 14:8-15, ഏശായ 51:1-8, പ്രവൃത്തി 16:16-26, 2 കൊരിന്ത്യർ 6:1-10.

നോമ്പിലെ ആറാം വെള്ളി (40-ാം വെള്ളി)

വി. കുർബാനയുണ്ട്. പ്രാർത്ഥന നോമ്പിന്റേതാണ്. ഒരർത്ഥത്തിൽ 40 നോമ്പ് ഇന്ന് അവസാനിക്കുന്നു. ശിഷ്ട ദിനങ്ങൾ കഷ്ടാനുഭവ ആഴ്ചയുടേതാണ്.

വി. മത്തായി 4:1-11, വി. ലൂക്കോസ് 4:1-13, വി. മത്തായി 4:1-11, ആവർത്തനം 1:3-14, 2 ശമുവേൽ 24:18-25, ഏശായ 58:1-8, 1 പത്രോസ് 1:12-22, റോമർ 13:11-14:9.

പെസ്ഗോമോ. സങ്കീർത്തനം 91:11, 12.

'നിന്റെ എല്ലാ വഴികളിലും നിന്നെ കാത്തുസൂക്ഷിക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോട് കല്പിക്കും.'

'നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും.'

ഉച്ചനമസ്കാരത്തിന്റെ 40 കുമ്പിടീൽ ഇന്ന് അവസാനിക്കുന്നു. 40 ദിവസത്തെ നോമ്പും ഉപവാസവും കൊണ്ട് നേടിയ ആത്മീയ തപഃശക്തിയും ആത്മനിയന്ത്രണവും കൊണ്ട് സാകല്യമായ ത്രിവിധ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ക്രിസ്തുവിനെപ്പോലെ വിശ്വാസി കരുത്താർജ്ജിക്കുന്നു. വിശ്വാസപരിശീലനവും ധ്യാനവും കുമ്പസാരവും ആത്മതപനവും അവനെ പുതിയ മനു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഷ്യനാക്കിയിരിക്കുന്നു.

ഓശാന ശനിയാഴ്ച ലാസറിന്റെ ശനിയാഴ്ച

മൃതമായ ജീവിതത്തെ ജീവനിലേയ്ക്ക് പുനരാനയിക്കുന്ന ക്രിസ്തു സാന്നിദ്ധ്യം അനുഭവിക്കുന്നു. ക്രിസ്തു പുനരുത്ഥാനവും ജീവനും ആകുന്നു എന്നും വെളിച്ചം മൃത്യുഭയത്തെ ഇല്ലാതാക്കുന്നു. ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു എന്ന് പറയാൻ ശക്തി ഈ കാലത്ത് വിശ്വാസി സംഭരിക്കുന്നു. മരണത്തെ മധുരീകരിക്കുന്ന പ്രത്യാശ അവനെ അടി മുതൽ മുടി വരെയും ഭരിക്കുന്നു.

വി. യോഹന്നാൻ 11:1-27, വി. യോഹന്നാൻ 11:28-46, വി. യോഹന്നാൻ 11:1-46. സംഖ്യ 16:42-48, 2 രാജാ. 20:1-11, ഏശായ 61:1-9
1 പത്രോസ് 2:6-10, എഫേസ്യർ 1:15-2:6.

പെസ്ഗോമോ സങ്കീ. 75:7, സങ്കീ. 104:29.

'ദൈവം ന്യായാധിപതി ആകുന്നു. അവൻ ഒരുവനെ താഴ്ത്തുകയും മറ്റൊരുവനെ ഉയർത്തുകയും ചെയ്യുന്നു.'

'തിരുമുഖം മറയ്ക്കുമ്പോൾ അവ ഭ്രമിച്ചു പോകുന്നു. നീ അവയുടെ ശ്വാസം എടുക്കുമ്പോൾ അവ ചത്ത് പൊടിയിലേക്ക് തിരികെ ചേരുന്നു.'

മാർച്ച് 25 ദൈവമാതാവിനോടുള്ള വചനിപ്പ്. രാഗം 4.

(നവംബറിലെ സൂബോറോയുടെ വായന നടത്തുക. തീയതിപ്രകാരം ഈ പെരുനാൾ വലിയ നോമ്പിൽ വരുന്നു. വി. കുർബ്ബാന ഇല്ലാത്ത വലിയനോമ്പിലെ ദിവസമായാലും അന്ന് പെരുനാൾ മുറയനുസരിച്ച് വി. കുർബ്ബാന ചൊല്ലും. മാർച്ച് 25 മുതൽ ഡിസംബർ 25 വരെ ഒമ്പത് മാസത്തെ)

ഓശാന ഞായർ 7/3

ക്രിസ്തുവിനോടൊന്നിച്ച് പെസഹാപെരുനാൾ ആഘോഷിക്കുവാൻ നാമും യെരുശലേം ദേവാലയത്തിലേക്ക് പോകുന്നു. അവന് ഓശാന പാടുന്ന ശിഷ്യന്മാരുടെയും കുട്ടികളുടെയും കൂട്ടത്തിൽ നാം പങ്കുകാരാവുന്നു. രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് നടന്ന ആ ക്രിസ്തുസംഭവത്തിൽ വർത്തമാനകാല തലമുറ പങ്കെടുക്കുമ്പോൾ നഗരപ്രയാണത്തെ അനുസ്മരിപ്പിക്കുന്ന പള്ളിപ്രദക്ഷിണവും ഒലിവിന്റെയും ഈന്തപ്പനയുടെയും ശാഖകൾക്കു പകരം കുരുത്തോലയും ദാവീദിന്റെ പുത്രന് ഓശാന എന്ന സ്വാഗത സ്തുതിഗീതവും സഭ ക്രമീകരിക്കുന്നു. അന്നത്തെ സംഭവത്തെ ദൃശ്യവത്ക്കരിക്കുന്നതോടൊപ്പം പ്രദക്ഷിണ മദ്ധ്യേയുള്ള ഏവൻഗേലിയോൻ വായനയിലൂടെ വാചികമായി സംവേദനം ചെയ്യുവാനും സഭ മറന്നിട്ടില്ല (എത്യോപ്യൻ സഭയിൽ പ്രദക്ഷിണത്തിന് കഴുതക്കുട്ടിയെയും ഉപയോഗിക്കുമെന്ന് അനുഭവസ്ഥർ പറയുന്നത് കേട്ടിട്ടുണ്ട്). ഊർശ്ലേം യുവാക്കൾക്ക് സഖാക്കളായി വർത്തമാനകാല തലമുറ ഊർശ്ലേം പ്രവേശനം അനുഭവിക്കുന്നു. ദനഹാപ്പെരുന്നാളിൽ കർത്താവ് മാമ്മൂദീസായ്ക്കായി സ്വീകരിച്ച വെള്ളം വാഴ്ത്തി ശുദ്ധീകരിക്കുന്നതുപോലെ കർത്താവിന്റെ ഊർശ്ലേം പ്രവേശനത്തിന്റെ എതിരേല്പിന് ആഘോഷമാകുവാൻ പങ്കുവഹിച്ച കുരുത്തോലകളെ വാഴ്ത്തി ശുദ്ധീകരിക്കുന്ന ഒരു ശുശ്രൂഷ അന്നത്തെ ആരാധനയുടെ ഭാഗമാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരം വെള്ളത്തെയും സകല സസ്യവൃക്ഷലതാദികളെയും ശുദ്ധീകരിക്കുന്നു എന്ന് പ്രതീകാത്മകമായി പ്രഖ്യാപിക്കുകയാണ് ആ ശുശ്രൂഷ. വാഴ്ത്തപ്പെട്ട കുരുത്തോല അനുഗ്രഹത്തിനായി വീട്ടിൽ വെടിപ്പോടെ സൂക്ഷിക്കുന്ന പതിവ് ശ്രദ്ധേയം. ഓശാനപ്പെരുനാളിലെ ശുശ്രൂഷയിൽ പങ്കെടുത്തു കഴിയുമ്പോൾ ഏതൊക്കെയോ സംഭവ പരമ്പരകളിലേക്ക് നാം പ്രവേശിച്ചു എന്ന തോന്നൽ മനസ്സിൽ അവശേഷിക്കത്തക്കവിധം ആണ് ആരാധനയുടെ സംവിധാനം. ക്രിസ്തുവിനോടൊപ്പം നാം ഊർശ്ലേം ദേവാലയത്തിൽ പ്രവേശിച്ചിരിക്കുന്നു.

(ഓല വാഴ്വിന്റെ ക്രമം അതിൽ തന്നെ പൂർണ്ണതയുള്ള ഒരു ശുശ്രൂഷാക്രമം ആയതിനാൽ അത് ശനിയാഴ്ച വൈകിട്ട് സന്ധ്യാപ്രാർത്ഥനയോട് ചേർത്ത് നടത്തുന്നത് ഞായറാഴ്ചയിലെ സമയപ്രശ്നം ഒരു പരിധിവരെ ഒഴിവാക്കുവാൻ സഹായിച്ചേക്കും.)

വായനകൾ: വി. ലൂക്കോസ് 19:28-40, രാത്രി. വി. മത്തായി 21:1-22, പ്രഭാതം. വി. മർക്കോസ് 11:1-26.

പ്രദക്ഷിണം. വി. ലൂക്കോസ് 19:28-40, വി. കുർബ്ബാന. വി. യൂഹാനോൻ 12:12-19.

ഉല്പത്തി 49:8-15, യോവേൽ 3:16-21, മീഖാ 4:1-5, ഹോശയ 8:14-9:7, ഏശായ 52:7-12, 1 യോഹന്നാൻ 2:7-17, റോമർ 1:13-24.

ഓല വാഴ്വ്. ഉല്പത്തി 49:8-12, സഖറിയാ 9:9-12, ഏശായ 51:9-11.

1 യോഹന്നാൻ 2:7-14, റോമർ 11:13-24, വി. മർക്കോസ് 11:1-8.

പെസ്ഗോമോ. സങ്കീർത്തനം 8:2, സങ്കീ. 118:26, സങ്കീ. 8:1-2, സങ്കീ. 52:8.

'നിന്റെ വൈരികൾ നിമിത്തം ശത്രുവിനെയും പ്രതികാരകനേയും മിണ്ടാതാക്കുവാൻ തന്നേ; നീ ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽ നിന്ന് ബലം നിയമിച്ചിരിക്കുന്നു.'

'യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ. ഞങ്ങൾ യഹോവയുടെ ആലയത്തിൽനിന്ന് നിങ്ങളെ അനുഗ്രഹിക്കുന്നു.'

'നിന്റെ വൈരികൾ നിമിത്തം, ശത്രുവിനെയും പകയനെയും മിണ്ടാതാക്കുവാൻ തന്നേ, നീ ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു ബലം നിയമിച്ചിരിക്കുന്നു.'

'ഞാനോ ദൈവത്തിന്റെ ആലയത്തിൽ തഴച്ചിരിക്കുന്ന ഒലിവ് വൃക്ഷം പോലെ ആകുന്നു. ഞാൻ ദൈവത്തിന്റെ ദയയിൽ എന്നും എന്നേക്കും ആശ്രയിക്കുന്നു.'

(ബഹു. മാറാശ്ശേരി ഇട്ടീരാ (അബ്രഹാം) മല്പാൻ ഇവിടെ 'മരണത്തിന്റെയും ഉയിർപ്പിന്റെയും കാലം' എന്ന ഒരു കാലം നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ അത് സ്വീകരിക്കുന്നില്ല. ഹാശാ ദിനങ്ങൾ നോമ്പുകാലത്തിലും ഉയിർപ്പ് മുതൽ ആഴ്ചകൾ ഉയിർപ്പുകാലത്തിലും ഉൾപ്പെടുത്തുകയാണ് ഈ ഗ്രന്ഥത്തിൽ.)

(തുടരും)

ലേഖനം

പിരിവെട്ടിപ്പോകുന്ന സമൂഹങ്ങൾ

ഫാ. ഡോ. കെ. എം. ജോർജ്

അടുക്കളയിൽ പെരുമാറുന്ന എല്ലാവർക്കുമറിയാം പിരിവെട്ടിപ്പോകുന്ന അടപ്പുകളുടെ പ്രശ്നം. ചില്ലുകുപ്പിയുടെ മുകളിൽ പിരിച്ചു കയറ്റുന്ന അടപ്പ് പാത്രത്തിന്റെ കഴുത്തിൽ വരഞ്ഞിരിക്കുന്ന വെട്ടുകളിലൂടെ അവധാനപൂർവ്വം ഇട്ടു മുറുക്കിയാൽ കുപ്പിയും അതിലുള്ള വസ്തുവും ഭദ്രമായി. കീടങ്ങളും വായുവും കടക്കാതെ അത് സൂക്ഷിക്കാം.

സൂക്ഷ്മതയില്ലാത്തവരോ കോപാകുലരായിരിക്കുന്നവരോ ആ പണി ചെയ്താൽ ചിലപ്പോൾ പിരിവെട്ടും. ട്രാക്ക് തെറ്റിപ്പോയി എന്നറിഞ്ഞാലും ചിലർ ബലമായി അടപ്പു മുറുക്കും. അവസാനം എന്തു പറ്റുമെന്ന് എല്ലാവർക്കുമറിയാം. കുപ്പിയൊട്ടു അടയുകയുമില്ല, അടപ്പ് തിരിച്ച് എടുക്കാനാവുകയുമില്ല. ആ സാഹചര്യത്തിൽ ചിലർ വീണ്ടും വീണ്ടും ബലപ്രയോഗം നടത്തും. ഫലമോ? തകര അടപ്പ് ഉപയോഗശൂന്യമാവും. ചിലപ്പോൾ കുപ്പിയും തകരാറിലാകും (പത്തു വർഷമായി അടുക്കള-പാചക ശുശ്രൂഷ സ്വയം നിർവഹിച്ച്, അനേകം അമളികൾ പറ്റുന്നതിന്റെ അനുഭവ വെളിച്ചത്തിലാണ് ഇത് കുറിക്കുന്നത്).

അപ്പോൾ എന്താണ് പരിഹാരം? അടുക്കളയല്ലേ? മൂന്നുനേരം വല്ലതും ഒരുക്കണ്ടേ? അവിടെയൊരു പ്രശ്നമുണ്ടായാൽ പരിഹരിക്കാതെ മുമ്പോട്ടു ഗതിയില്ല. അടുക്കളയിൽ മാത്രമല്ല എല്ലാ ജീവിത രംഗങ്ങളിലും അങ്ങനെയാണല്ലോ.

വാസ്തവത്തിൽ ശരിക്കു പിരിവെട്ടിപ്പോയാൽ സാധാരണക്കാർക്ക് ഒന്നും ചെയ്യാനാവില്ല. പല കുപ്പികളും അങ്ങനെ ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. ആക്രിക്കാർക്കു പോലും ചില്ലുഭരണികൾ വേണ്ട. പ്ലാസ്റ്റിക് ആണെങ്കിൽ എടുക്കും. സങ്കടമുണ്ട് കുപ്പിയും അതിന്റെ തൊപ്പിയും ഒരുമിച്ച് അർത്ഥശൂന്യമാകുന്നതിൽ. പക്ഷേ നിവൃത്തിയില്ല.

അതുകൊണ്ട് വിവേകമതികളായ വീട്ടമ്മമാരും മറ്റും സാവധാനം ഒന്നു രണ്ടു പിരികൾ പരീക്ഷിച്ചു നോക്കും. കിറുകിറുപ്പൊന്നും ഇല്ലെങ്കിൽ ബാക്കി കൂടി പിരിച്ച് കുപ്പി നന്നായി അടയ്ക്കും.

ഇപ്പറഞ്ഞത് എങ്ങനെ സമൂഹത്തിന് ബാധകമാകുമെന്ന് ചിലർ ചോദിച്ചേക്കാം. സാമൂഹിക സംവിധാനങ്ങൾ സുഗമമായി പ്രവർത്തിക്കാൻ ചില നിയമങ്ങളുണ്ട്. ഈ നിയമങ്ങൾ പൊതുനന്മയ്ക്കുവേണ്ടി സൃഷ്ടിച്ചതാണ്. ഏതെങ്കിലുമൊരു വ്യക്തിക്ക് അയാളുടെ സൗകര്യംപോലെ നിയമങ്ങൾ വളച്ചൊടിക്കാനാവില്ല. പലപ്പോഴും സാധാരണക്കാരായ വ്യക്തികളല്ല നിയമം തെറ്റിക്കുന്നത്. നേതൃസ്ഥാനങ്ങളിൽ ഉള്ളവരാണ്. കുപ്പി അടച്ച് സുരക്ഷിതമാക്കാൻ ഉപയോഗിക്കുന്ന തൊപ്പിയടപ്പ് കൈകാര്യം ചെയ്യുന്നത് നേതാക്കളാണ്. അവർക്ക് സൂക്ഷ്മതക്കുറവോ, അറിവില്ലായ്മയോ വികാരവിക്ഷോഭമോ ഉണ്ടായാൽ അത് അടപ്പിനെ ബാധിക്കും.

ലോകചരിത്രത്തിൽ പല സന്ദർഭങ്ങളിലും പിരിവെട്ടിപ്പോയ സമൂഹങ്ങളെ നാം കാണുന്നുണ്ട്. എന്നാൽ വിവേകികളായ കുറെ മനുഷ്യർ നേതൃത്വമെടുത്ത് ആ സമൂഹങ്ങളെ രക്ഷിക്കാനും ശ്രമിക്കുന്നുണ്ട്. ചില പ്രത്യയ ശാസ്ത്രങ്ങൾ, സാമൂഹിക വ്യവസ്ഥകൾ, തെറ്റുധാരണകൾ, വംശീയാഹങ്കാരം എന്നിവയെല്ലാം പിരിവെട്ടിന് കാരണമാകുന്നുണ്ട്. ഉദാഹരണമായി, രണ്ടാം ലോകയുദ്ധത്തിൽ, അഡോൾഫ് ഹിറ്റ്ലറുടെ നാസി പ്രത്യയശാസ്ത്രവും ജൂതവംശ വിരോധവും സാമ്രാജ്യ മോഹവും ചേർന്ന് ജർമ്മൻ ജനതയെയും യൂറോപ്പിനെ മുഴുവനെയും പിരിവെട്ടിച്ചു. ബഹുഭൂരിപക്ഷം ജർമ്മൻകാരും അയാളുടെ സ്തുതിപാഠകരായി. അവസാനം അത് ലോകത്തിനുതന്നെ ഭീഷണിയായപ്പോൾ, ഒരിക്കലും തമ്മിൽ ചേരാൻ ഇടയില്ലാത്ത റഷ്യൻ കമ്മ്യൂണിസവും അമേരിക്കൻ മുതലാളിത്തവും യൂറോപ്യൻ ജനായത്തവും ചേർന്ന് ഹിറ്റ്ലറിന്റെ നാറ്റ്സി സൈന്യത്തെ തോൽപ്പിച്ചു. ഹിറ്റ്ലർ ആത്മഹത്യ ചെയ്തു. അനുഗൃഹീതമായ ആത്മഹത്യ! പക്ഷേ 60 ലക്ഷം മനുഷ്യരെ ചുട്ടെരിച്ചിട്ടാണ് അയാൾ സ്വയം നശിപ്പിച്ചത്. നല്ല മനസ്സുള്ള കുറെയേറെ ജർമ്മൻകാർ ഇപ്പോഴും



കടുത്ത കുറ്റബോധത്തിലാണ്. നാറ്റ്സി പ്രത്യയശാസ്ത്രത്തിന്റെ തൊപ്പിയടപ്പ് 1945-ൽ തെറിച്ചെങ്കിലും, കുപ്പി തകർന്നെങ്കിലും അതിന്റെ ആഴമായ മുറിവുകൾ മാറ്റാൻ വീണ്ടുമൊരു 45 വർഷങ്ങൾകൂടി ജർമ്മൻ ജനത കാത്തിരിക്കേണ്ടി വന്നു. ബർലിൻ മതിൽ തകർത്ത് ഈസ്റ്റ് ജർമ്മനിയും വെസ്റ്റ് ജർമ്മനിയും ഒരൊറ്റ ജനതയും ഒരു രാജ്യവും ആയപ്പോഴാണ് ആ പിരിവെട്ടിന് പരിഹാരമുണ്ടായത്.

ഇതുപോലെയാണ് ദക്ഷിണ കൊറിയയും ഉത്തര കൊറിയയും. അമേരിക്കൻ ശക്തിയും കമ്യൂണിസ്റ്റ് ചേരിയും ഇരുവശവും പിടിച്ച് വലിക്കുകയും, അവയ്ക്കു പിണിയാളുകളായി ചില നേതാക്കന്മാരെ കിട്ടുകയും ചെയ്തപ്പോൾ ഒരു വലിയ ജനതയുടെ പിരിവെട്ടി. ജർമ്മൻകാരെപ്പോലെ ഒരേ ഭാഷ, ഒരേ രക്തം, ഒരേ ഭക്ഷണം എന്നിവയുള്ള കൊറിയൻ ജനങ്ങൾ ഇരുമ്പുവേലിക്കപ്പുറത്തും ഇപ്പുറത്തും നിന്ന് ഇപ്പോഴും തേങ്ങുന്നു.

ദീർഘ വർഷങ്ങൾ തമ്മിൽതല്ലി തല കീറിയ ഉത്തര അയർലണ്ട്, വിയറ്റ്നാം, ശ്രീലങ്ക എന്നിവ പോലെ വേറെയും സമൂഹങ്ങൾ ഉണ്ട് - പിരിവെട്ടിൽ നിന്ന് കുറെ മോചനം നേടിയവരും അതിൽകിടന്ന് അങ്ങോട്ടും ഇങ്ങോട്ടുമില്ലാതെ നരകിക്കുന്നവരും. ചിലപ്പോൾ ഇരു പാളയങ്ങളിലുമുള്ള സ്ത്രീകളും വീട്ടമ്മമാരും ഒക്കെ മുന്നോട്ടിറങ്ങി ഇത്തരം പ്രതിസന്ധികൾ പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്. സാധാരണക്കാരായ ജനങ്ങളെ മുഴുവൻ വെട്ടിലാക്കുന്ന മർദ്ദക വ്യവസ്ഥകൾക്കെതിരെ പൊതുജനം പ്രതികരിക്കുന്നതായി നാം കാണുന്ന പ്രമുഖ ചരിത്ര സാക്ഷികളാണ് ഫ്രഞ്ച് വിപ്ലവവും റഷ്യയിലെ ഒക്ടോബർ വിപ്ലവവും. അവിടെ ജനങ്ങൾ രാജഭരണ വ്യവസ്ഥയ്ക്കും മതാധികാരത്തിനും എതിരെയാണ് തിരിഞ്ഞത്. കാരണം അവ രണ്ടും പരസ്പരം ന്യായീകരിക്കയും താങ്ങിനിർത്തുകയും ചെയ്തിരുന്നു. മതവും രാജ്യഭരണവും ആർക്കുവേണ്ടിയാണോ സ്ഥാപിതമായത് ആ സാധാരണജനങ്ങളെ പൂർണ്ണമായും മത-രാഷ്ട്രീയ വ്യവസ്ഥകൾ വിസ്മരിക്കയും ചെയ്തു.

പ്രസിദ്ധമായ കഥയുണ്ടല്ലോ. ഫ്രാൻസിലെ വേഴ്സായ് കൊട്ടാരത്തിന്റെ മുമ്പിൽ തടിച്ചുകൂടിയ വിപ്ലവക്കാർ 'ഞങ്ങൾക്കു വിശപ്പടക്കാൻ റൊട്ടിയില്ല' എന്നു വിളിച്ചു പറഞ്ഞപ്പോൾ രാജ്ഞിയായ മേരി അന്ത്വാനെറ്റ് കല്പന കൊടുത്തു: 'അവർക്ക് റൊട്ടിയില്ലെങ്കിൽ, കേക്ക് കൊടുക്കൂ' (If they have no bread, give them cakes). അത്രയധികം സാധാരണജനങ്ങളുടെ കഷ്ടതകളെക്കുറിച്ച് യാതൊരു തിരിച്ചറിവുമില്ലാത്ത ഭരണനേതൃത്വത്തിന്റെ ശൈലിയാണ്

ഈ കഥയിൽ വെളിപ്പെടുന്നത്. അന്ന് ഫ്രാൻസിലെ ഏതാണ്ട് ഏക മതമായിരുന്ന കത്തോലിക്കാ സഭയുടെ നേതാക്കന്മാരുടെ നിലപാടും ഒട്ടും വ്യത്യസ്തമായിരുന്നില്ല.

ട്രമ്പ് പുരാണം

ഇപ്പോൾ അമേരിക്കയിൽ അരങ്ങേറിയ "ജനാധിപത്യ" പ്രഹസനം കണ്ട് ലോകം മുഴുവൻ ഞെട്ടിയല്ലോ. ലിബറൽ ഡിമോക്രസിയുടെ പറുദീസയായ അമേരിക്കയുടെ 200 വർഷങ്ങളിലെ മഹത്തായ പാരമ്പര്യമാണ് ഡൊനാൾഡ് ട്രമ്പ് തകർത്തത് (മുമ്പ് രണ്ട് ലേഖനങ്ങൾ ട്രമ്പിനെക്കുറിച്ചും അമേരിക്കൻ ജനാധിപത്യത്തെക്കുറിച്ചും എഴുതിയതു ആവർത്തിക്കുന്നില്ല). അമേരിക്കൻ ജനപ്രതിനിധി സഭ കൂടുന്ന കാപ്പിറ്റോൾ കെട്ടിടത്തിലേക്ക് മാർച്ച് ചെയ്യാൻ അണികളെ ആവേശം കൊള്ളിച്ച ട്രമ്പ് അവസാനം തന്റെ തോൽവി സമ്മതിക്കേണ്ടി വന്നു. പക്ഷേ "മഹത്തായ അമേരിക്ക" എന്ന് അയാൾ വാഴ്ത്തിയ രാജ്യത്തിന്റെ ചരിത്രത്തിൽ കരിപൂശികൊണ്ടാണ് സമ്മതിച്ചത്.

എങ്ങനെ ഒരു സമൂഹത്തെ മുഴുവൻ പിരിവെട്ടിക്കാം എന്നതിന് ഇതിൽപ്പരം നല്ല ഉദാഹരണം തേടേണ്ടതില്ല. പക്ഷേ പ്രശ്നം അവിടെ തീരുന്നില്ല. ഇതുവരെ നാലുപേർ ആ അക്രമത്തിൽ കൊല്ലപ്പെട്ടു. ആ മനുഷ്യരുടെ രക്തത്തിന് ആരു പകരം ചോദിക്കും? ഒരു ആധുനിക രാഷ്ട്രത്തലവന്റെ വ്യക്തിപരമായ ധാർഷ്ട്യവും ബുദ്ധിശൂന്യതയും പൊങ്ങച്ചവും അഹങ്കാരവും ചേർന്ന് ഒരു സമൂഹത്തിന്റെ സമുന്നതമായ പാരമ്പര്യം മുഴുവൻ നശിപ്പിച്ചു. ഒരിക്കലും ഉണ്ടാവരുതാത്ത വൈരാഗ്യം ജനങ്ങൾക്കിടയിൽ വിതച്ചു. വോട്ടിംഗിൽ ക്രമക്കേട് ഉണ്ടായെങ്കിൽ അക്കാര്യം പരിഹരിക്കേണ്ടത് ഇങ്ങനെയല്ലല്ലോ. ഒരു പാർട്ടിയുടെ മാത്രം പ്രശ്നമായി എടുക്കാതെ അത് ഒരു ജനതയുടെ മുഴുവൻ ജനാധിപത്യ പ്രതിസന്ധിയായി കണക്കാക്കി, സത്യസന്ധതയിലേക്കും ജനായത്ത സുതാര്യതയിലേക്കും പൊതുക്ഷേമത്തിലേക്കും ന്യായമായ മാർഗ്ഗങ്ങളിലൂടെ അമേരിക്കൻ ജനതയെ നയിക്കാൻ ചുമതലയുള്ള വ്യക്തിയാണ് പാവങ്ങളുടെ രക്തം ചൊരിഞ്ഞ് അമേരിക്കയെ നാണംകെടുത്തി പരാജയം സമ്മതിച്ചത്. ചിലപ്പോൾ ഇനി ഇംപീച്ചുമെന്റും കിട്ടിയേക്കും.

മഹാത്മാഗാന്ധിയും അദ്ദേഹത്തെ പിൻപറ്റി മാർട്ടിൻ ലൂഥർ കിങ് ജൂനിയറും നെൽസൺ മണ്ടേലയുമൊക്കെ തങ്ങളുടെ സമൂഹങ്ങളെ വംശീയവും, അധീശത്വപരവും ജാതീയവുമായ പിരിവെട്ടലുകളിൽ നിന്ന് മോചിപ്പിച്ചവരാണ്. അവരുടെ മാർഗ്ഗം സമാധാനത്തിന്റെയും സഹനത്തിന്റെയും അനുരഞ്ജനത്തിന്റെയും മാർഗ്ഗമായിരുന്നു.

താൽക്കാലികമായ ലാഭങ്ങൾക്കുവേണ്ടിയോ തങ്ങളുടെ സ്വാർത്ഥപരമായ അധികാരം ഉറപ്പിക്കുന്നതിനുവേണ്ടിയോ അണികളെ തീവ്രവാദങ്ങളിലേക്കും അക്രമത്തിലേക്കും തള്ളിവിടുന്ന രാഷ്ട്രീയ-മത നേതാക്കൾ ഒരു നിമിഷം ട്രമ്പിനെ ഓർക്കുന്നതു നല്ലതാണ്. കൊടുംപാതകമാണ് അവർ വരുംതലമുറകളോട് ചെയ്യുന്നത്. അതിന്റെ തിരിച്ചടികളിൽ ഭാവിതലമുറകൾ വെന്തുരുകുമ്പോൾ അത് കാണാൻ ഈ നേതാക്കൾ ഉണ്ടാവില്ല. എങ്കിലും അവരോടു കണക്കുചോദിക്കുന്ന ഒരു അന്തിമ ശക്തിയുണ്ടെന്ന് എല്ലാ മതങ്ങളും പഠിപ്പിക്കുന്നു. കർമ്മസിദ്ധാന്തമാണെങ്കിലും അന്ത്യ ന്യായവിധി സിദ്ധാന്തമാണെങ്കിലും അങ്ങനെയൊന്നുണ്ട്. മനുഷ്യരുടെ ദൈവദത്തമായ സൗഹൃദങ്ങളിൽ നിന്നും സാമൂഹ്യ വേഴ്ചകളിൽ നിന്നും അവരെ വെട്ടിമാറ്റി അക്രമികളാക്കാൻ ഒരു രാഷ്ട്രീയ നേതാവിനും മതനേതാവിനും അധികാരമില്ല. "ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്." വിവാഹത്തെക്കുറിച്ച് മാത്രമായി ഈ ക്രിസ്തുവചനം ഒതുക്കരുത്. സഹജവും സാത്വികവുമായ എല്ലാ മനുഷ്യ സാമൂഹ്യബന്ധങ്ങളിലും മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തിലും ഇത് പ്രസക്തമാണ്. അദൃശ്യമായ ഒരു വൈറസും, അതിന്റെ മാരകമായ നിരവധി വകഭേദങ്ങളും, അപ്രതീക്ഷിതമായ അസംബന്ധമായ രാഷ്ട്രീയവും, മതനേതാക്കളുടെ പോർവിളികളും, വംശീയ വർഗ്ഗീയതകളുടെ അക്രമാസക്തമായ ആക്രോശങ്ങളും എല്ലാം ചേർന്ന് സകല ഭാവിപ്രത്യാശയും മനുഷ്യവർഗ്ഗത്തിൽനിന്ന് ഊറ്റിക്കളയുകയാണ്. നല്ലവരായ ഒത്തിരി മനുഷ്യരെ അസ്തപ്രജ്ഞരാക്കുകയോ ആത്മഹത്യാചിന്തയിലേക്ക് തള്ളിവിടുകയോ ചെയ്യുന്ന ഈ അസുരയുഗത്തിൽ ആരാണ് എവിടെയാണ് മനുഷ്യന് ഒരു തരി വെളിച്ചം നൽകുക?

ഓരോ വ്യക്തിയും നന്നാകണമെന്ന് നിരന്തരം മതാചാര്യന്മാർ പ്രബോധിപ്പിക്കും. എന്നാൽ വ്യക്തിസമൂഹത്തെ രൂപപ്പെടുത്തുന്നതിലുപരി, സമൂഹമാണ് വ്യക്തിയെ രൂപപ്പെടുത്തുന്നത് എന്ന സത്യം അവർ അവഗണിക്കുന്നു. വിദ്വേഷവും പോർവിളികളും വിഷലിപ്തമാക്കുന്ന സാമൂഹികാന്തരീക്ഷത്തിൽ ജീവിക്കുന്ന മിക്ക വ്യക്തികളും വിഷം വമിക്കുന്നവരാകും. അല്ലെങ്കിൽ അവർ വിഷബാധയേറ്റു മാരകമായ രോഗാവസ്ഥയിലാകും. ഈ കലുഷമായ അന്തരീക്ഷം സൃഷ്ടിക്കാൻ സമൂഹനേതാക്കൾക്ക് - മതത്തിന്റെയാണെങ്കിലും രാഷ്ട്രീയത്തിന്റെയാണെങ്കിലും - കഴിയും എന്നാണ് അനുദിന സംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ട് നമ്മുടെ സാമൂഹ്യ ധർമ്മശാസ്ത്രത്തിന്റെ ഉറവിടങ്ങൾ നന്മയ്ക്കായാലും തിന്മയ്ക്കായാലും കൈയാളുന്നവരിലാണ് അതിന്റെ താക്കോലുകൾ എന്നു മറക്കാതിരിക്കാം. രണ്ടു മാസമായി ഡൽഹിയിൽ നടക്കുന്ന കർഷകസമരം ലോകചരിത്രത്തിലെ തന്നെ അപൂർവ്വ സംഭവമാണ്. കൊടുംതണുപ്പിലും പകർച്ചവ്യാധിയുടെ ഭീഷണിയിലും തെരുവുകളിൽ കിടക്കുന്ന ആ മനുഷ്യരെ മാധ്യമങ്ങൾപോലും മറക്കുന്നു.

തങ്ങളുടെ നയങ്ങളിലും നടപടികളിലും തെറ്റിപ്പോയി എന്നു തോന്നുന്നെങ്കിൽ, പരസ്യമായി സമൂഹത്തിനു മുമ്പിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഏറ്റുപറയട്ടെ. വെട്ടിയ പിരിയെ ന്യായീകരിക്കാതെയും അതിനെ കൂടുതൽ മുറുക്കാൻവേണ്ടി ആയുധമെടുത്തു മാർച്ചും റാലിയും സത്യഗ്രഹവും നടത്താൻ അണികളെ ഉൽബോധിപ്പിക്കാതെയും, ജനങ്ങളുടെ നിഷ്കളങ്ക രക്തം വിശുദ്ധ സ്ഥലങ്ങളിലും 'ജൻപഥ'ങ്ങളിലും ചിന്തി നായ്ക്കൾ നക്കാതെയും, നേതൃത്വനിരകൾ ഒരു പുതിയ ജീവിതശൈലി ആരംഭിക്കട്ടെ. അവരെ ജനങ്ങൾ അപ്പോൾ പൂവിട്ട് പൂജിക്കും. എല്ലാം മറക്കും, ക്ഷമിക്കും. കോടാനുകോടി മനുഷ്യർ സമാധാനത്തിന്റെ കുളിർകാറ്റേൽക്കും. മുന്തിരിവള്ളികൾ തളിർക്കയും അത്തിമരങ്ങൾ പൂവിടുകയും ചെയ്യും.

ഒരുകാലത്ത് പാശ്ചാത്യ യൂറോപ്യൻ സംസ്കാരത്തിന്റെ ഏക മതമായിരുന്ന റോമൻ കത്തോലിക്കാ സഭ കുരിശുയുദ്ധങ്ങൾ, കൊളോണിയൽ-മിഷണറി അധീശാതിക്രമങ്ങൾ, ഇൻക്വിസിഷൻ, പദ്രോവാദോ തുടങ്ങിയ സംവിധാനങ്ങളിലൂടെ ലോകത്തിന്റെ മുഴുവൻ പിരിവെട്ടിച്ച് മധ്യകാല നൂറ്റാണ്ടുകളിൽ മനുഷ്യവർഗ്ഗത്തോട് വലിയ പാതകങ്ങൾ ചെയ്തു. ഇപ്പോളിതാ ആ പാശ്ചാത്യ മതത്തിന്റെ അധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ തന്റെ കൊട്ടാരം വിട്ട് സ്വമേധയാ വഴിപോക്കരുടെ "സത്ര"ത്തിൽ കഴിയുകയും തന്റെ വാക്കുകൾ, ആംഗ്യങ്ങൾ, പ്രവൃത്തികൾ എന്നിവയിലൂടെ മഹത്തായ അനുതാപവും എളിമയും ആർദ്രതയും ലോകത്തിനു മുമ്പിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നു. കുറവുകൾ കാണും, വിമർശനങ്ങളുണ്ട് എങ്കിലും പ്രത്യാശയറ്റ ലോകത്തിന് ഒരു കൈത്തിരിവെട്ടം കാണിക്കാൻ ആ മനുഷ്യന് കഴിയുന്നു എന്നത് വലിയ കാര്യമാണ്. താനുൾപ്പെട്ടു നിൽക്കുന്ന ഒരു മഹാ മതസംവിധാനത്തിന്റെ കഴിഞ്ഞകാല തെറ്റുകുറ്റങ്ങൾ പരസ്യമായി ഏറ്റുപറയുകയും, പശ്ചാത്തപിക്കുകയും അനുകമ്പയോടെ മനുഷ്യരെ കാണുകയും പുതിയൊരു ജീവിതശൈലി കാണിച്ചുതരികയും ചെയ്യുന്ന ഈ വന്ദ്യ പുരോഹിതൻ തന്റെ ഗുരുവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ സുവിശേഷമാണ് ഏക അടിസ്ഥാനമായി കരുതുന്നത് (ഫ്രാൻസിസ് പാപ്പാ, ട്രമ്പ് എന്നിവരെപ്പറ്റി താരതമ്യം ചെയ്തും, ഫ്രത്തേലി തുത്തി എന്ന പേപ്പൽ ലേഖനത്തെക്കുറിച്ചും മുമ്പ് അല്പം വിശദമായി എഴുതിയിട്ടുണ്ട്).

ചുരുക്കത്തിൽ, സമൂഹത്തിന്റെ പിരിവെട്ടിൽനിന്ന് എങ്ങിനെ മനുഷ്യരെ മോചിപ്പിക്കാം എന്നതാണ് നമ്മുടെ പ്രധാന ചോദ്യം. കുപ്പിയും അതിന്റെ തൊപ്പിയും ഉപേക്ഷിക്കുന്ന അടുക്കളശൈലി ഒരുതരം നിസ്സഹായതയുടെ അടയാളമാണ്. അധികാരമോ ശക്തിയോ ഇല്ലാത്ത ഒരാൾക്ക് അത്രയേ പറ്റൂ. എന്നാൽ മത-രാഷ്ട്ര നേതാക്കൾ ശക്തരാണല്ലോ. അവർക്ക് അത്തരം ഗതികേടില്ല. തങ്ങളുടെ നയങ്ങളിലും നടപടികളിലും തെറ്റിപ്പോയി എന്നു തോന്നുന്നെങ്കിൽ, പരസ്യമായി സമൂഹത്തിനു മുമ്പിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഏറ്റുപറയട്ടെ. വെട്ടിയ പിരിയെ ന്യായീകരിക്കാതെയും അതിനെ കൂടുതൽ മുറുക്കാൻവേണ്ടി ആയുധമെടുത്തു മാർച്ചും റാലിയും സത്യഗ്രഹവും നടത്താൻ അണികളെ ഉൽബോധിപ്പിക്കാതെയും, ജനങ്ങളുടെ നിഷ്കളങ്ക രക്തം വിശുദ്ധ സ്ഥലങ്ങളിലും 'ജൻപഥ'ങ്ങളിലും ചിന്തി നായ്ക്കൾ നക്കാതെയും, നേതൃത്വനിരകൾ ഒരു പുതിയ ജീവിതശൈലി ആരംഭിക്കട്ടെ. അവരെ ജനങ്ങൾ അപ്പോൾ പൂവിട്ട് പൂജിക്കും. എല്ലാം മറക്കും, ക്ഷമിക്കും. കോടാനുകോടി മനുഷ്യർ സമാധാനത്തിന്റെ കുളിർകാറ്റേൽക്കും. മുന്തിരിവള്ളികൾ തളിർക്കയും അത്തിമരങ്ങൾ പൂവിടുകയും ചെയ്യും. "Another World is possible." ❑

Speech

January 31: Sunday commemorating all departed priests

Excerpts from the sermon given by Malankara Sabha Bhasuran- St Dionysius Vattasseril on the Sunday commemorating the departed priests in 1918 (Malayalam calendar- Year 1093, month-'Kumbham') at Mar Elia Chapel, Kottayam.

Blessed in the Lord, It has been framed to offer liturgies and commemorate all the departed priests on the Sunday following the culmination of Nineveh lent, and on the subsequent Sunday all the departed faithful. On this auspicious day when we commemorate the departed priests, will we not contemplate on priesthood and the doctors/teachers (of the church)?

Beloved! We read that our Lord has established the office of priesthood since the beginning of the world. Recently we read about some of these aspects in a book on history. The author of the book is our holy father Mar Gregorios Bar Ebraya. He is the one who has outlined the guidelines/rulebooks and the holy canons related to our faith. On the day of his ordination as bishop, many kings including the ruler of Armenia were present in the church. The sermon was given by Mar Gregorios Bar Ebraya himself. The focal point of his sermon was regarding the verses from the book of Psalms- 'You (Your Hands) have fashioned me'; 'You have laid Your hands on me'. These verses about the events that happened at the beginning of creation, indicate that the Lord bestowed priesthood on Adam and on the humanity in general. Though there is a difference in priesthood received by different people; Abraham, Melchizedek and the holy Apostles indeed received the title of priest(s). These were the contents of the Bar Ebraya's sermon.

Beloved! Priesthood is indeed a great position. Adam, Abel, Noah, Abraham et al, had the priestly position and that is why they could offer sacrifices. The level and course of priesthood increased manifold as the time progressed. The children of Israel multiplied abundantly to form a great multitude. Likewise, we have to grow from strength to strength in faith. When a child grows, do we always see him/her in the same form when the baby was born? There is an increase in his/her physical strength and the mental prowess. This is how a man ought to grow in faith.

Priesthood has progressed the same way the world has been evolving since the beginning. In the verses-'You (Your Hands) have fashioned me'; 'You have laid Your hands on me', we see the initial stature of priesthood. Later the Lord selected the tribe of Levi from where the community of priests could be chosen. With passage of time, we see the Lord setting apart one family from the tribe of Levi for priestly duties- that family was that of Aaron. From that time onwards, we see three tiers of priesthood- high priesthood, priesthood, other liturgical roles. Aaron and Moses were the high priest, Aaron's sons became priest(s) and the common folk from the tribe of Levi were assigned to perform other liturgical functions. In the Church, the Lord has designated bishop, priest, deacons/altar assistants in the erstwhile tiers of high priesthood, priesthood, and other liturgical roles respectively.

The glory of Aaronic priesthood was indeed great and in accordance with its magnificence, the High Priest would enter the Holy of Holies once a year to sprinkle the blood of sacrificial animals.

As St. Paul says, "we have this treasure in earthen vessels", this great treasure has been bestowed on the weak men who are the 'clay vessels'. We might think very lowly of a treasure that is kept in a clay pot. In the same way we should not belittle the authority bestowed on those who have been called to priesthood when we witness their weak and sinful nature. No matter how much weaknesses a priest has, you should not hold the title conferred upon them in shame and disgrace. Do not judge the priestly office looking at the weakness of men; this priestly office is conferred by God not man- it is only the sinful nature that belongs to him.



May we be not judged like the Israelites against whom the Lord spoke through Prophet Jeremiah thus 'they (Israelites) did not respect my priests'. All the glory which God desires for mankind, He gives it through priests. The great position which God has intended for men is to become god-like. How is that going to happen? The Lord has designated the path for it. That path is the Holy Sacraments and the one who will guide us on that path are the priests. It is through the Holy Sacraments ministered by the priest that we receive the blessings. In the sacrament of Holy Baptism, through the priest, we receive a new life and the blessing of being called the sons of God. It is the priest who makes us in communion with the Holy Body and Blood of Lord Jesus Christ. All the sacraments and rituals helpful for our salvation is brought about by priests.

The Lord dwells in heaven and men on earth. God has set apart the priest(s) to to bring His message-what He desires, to the people for their edification. There may be among the laity who would be eloquent speakers, scholars, advisers having exceptional qualities better than the priest. Think of a judge as an example; there might be people working under the judge who are more knowledable but ultimately the verdict is proclaimed by the judge only. Likewise, there have been specific people appointed to perform the functions according to the authority bestowed.

The relationship between priests and the laity is not that of the master and the servant but that of the father and the son. Can children forget their father, or will a father not remember his children? The relationship of the entire humanity is likewise.

Our holy fathers have studied the Holy Scriptures in great depth. They are not the ones who would just take any one verse and blabber about it. The Lord has entrusted the priests to continue the work for which He came into this world and accomplished. The Lord has commanded the priests to work towards transforming the people from being 'worldly focussed' to godly beings which we are to obey. Hence it is our obligation to remember the priests. May the Lord have mercy upon us and them that we all be able to stand before the heavenly throne. May the grace and blessings of our Lord Jesus Christ flourish within you all forever. Amen.


By the prayers of our holy father among the saints- St.Dionysius Vattasseril, may the Lord strengthen our bishops, priests and deacons to guide His flock righteously.

In Christ,

Rincy John

Ref: Translated from Malayalam- Sermon of St. Dionysius Vattaseril published in the 'Malankara Sabha'- February 1950, Book 4 Issue 4, Pgs 7-10.

വചനതീർത്ഥം



മഹത്തരമായ നിത്യവിശ്രമത്തെ ബുദ്ധിയോടെ ലാഭിച്ചവർ

വാങ്ങിപ്പോയ വൈദികരുടെ ഞായർ (കൊഹനേ ഞായർ)

വി. മത്തായി 24: 42-51

ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

മൂന്നു നോമ്പ് അവസാനിക്കുന്ന വ്യാഴാഴ്ചയ്ക്കും വലിയ നോമ്പ് ആരംഭിക്കുന്ന കൊത്തിനേ ഞായറാഴ്ചയ്ക്കുമിടയ്ക്കുള്ള പതിനെട്ടു ദിവസങ്ങൾ അല്ലെങ്കിൽ പതിനെട്ടാമിടക്കാലത്ത് രണ്ടു ഞായറാഴ്ചകൾ ഉണ്ട്. അതിൽ ആദ്യ ഞായറാഴ്ചയായ ഇന്ന് പട്ടക്കാരുടെ പൊതുവായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ചയാണ് (കൊഹനേ ഞായർ).

കർത്താവിന് അഭിമുഖമായി നിന്ന് പ്രകാശം ധരിച്ച് അവന്റെ ആയിരമായിരവും പതിനായിരം പതിനായിരവുമായ ദൂതഗണങ്ങളോടു ചേർന്ന് അവനെ പുകഴ്ത്തുവാൻ ഭാഗ്യം സിദ്ധിച്ച പുരോഹിതശ്രേഷ്ഠരെ സഭ ഓർക്കുകയാണ്. അവർ വി. സഭയുടെ മദ്ധ്യസ്ഥരും അവകാശികളും പ്രകാശകരും വി. മന്ദിരത്തിന്റെ അധികാരികളുമായിരുന്നു.

'തന്റെ കുരിശെടുത്ത് എന്റെ പിന്നാലെ വരാത്ത ഒരുവനും എന്റെ ശിഷ്യനായിത്തീരുവാൻ കഴിയുകയില്ല' (വി. ലൂക്കോസ് 14:27) എന്നുള്ള സുവിശേഷ വചനം കേട്ട് തങ്ങളുടെ കുരിശെടുത്ത് ജഢീകത്വത്തിൽ നിന്നും പിൻവാങ്ങി, സ്വദേശത്തേയും കുലത്തേയും വിട്ടവരായിരുന്നു നമ്മുടെ പുരോഹിത ശ്രേഷ്ഠർ.

അവർ പ്രാപിച്ചിരുന്ന 'താലന്തു'കളെ പലിശയോടുകൂടി പ്രസന്നവദനരായി ഏല്പിച്ചവരാണ്. പകരുന്ന വസന്തയേയും ഉപദ്രവകരങ്ങളായ ശിക്ഷകളെയും ആട്ടിൻകൂട്ടത്തിൽ നിന്നും അവർ മൂലം ദൈവം നിരോധിച്ചു. വിശുദ്ധാത്മാവിന്റെ കാന്തികൊണ്ട് ശോഭിതമായ എല്ലാ സൗന്ദര്യങ്ങളാലും അവരെ ദൈവം അലങ്കരിച്ചു.

പൗരോഹിത്യ വേലയിൽ നിന്നും പിരിഞ്ഞ് ദൈവസന്നിധിയിലേക്ക് പുറപ്പെട്ട നമ്മുടെ ശരീരപ്രകാരവും ആത്മീയപ്രകാരവും ഉള്ള ഈ പിതാക്കന്മാരെ അബ്രഹാമിന്റെയും അഹറോന്റെയും കൂടെ വസിപ്പിച്ച് വിശ്രമിപ്പിക്കുവാൻ പ. സഭ ഒന്നടങ്കം പ്രാർത്ഥനയും ഓർമ്മയും നിർവ്വഹിക്കുകയാണ്. അവരെ അനാദൃന്ത മഹത്വത്തിന് യോഗ്യരാക്കുവാനും, മഹത്തര നൽവരങ്ങളാൽ പ്രശോഭിതരാക്കുവാനും, മാലാഖമാരുടെയും പരിശുദ്ധന്മാരുടെയും സംഘത്തിൽ വലത്തുഭാഗത്തു വിരുന്നുപന്തിയിൽ മോദിപ്പിക്കുവാനും ദൈവത്തോട് പ്രാർത്ഥിക്കുവാനുള്ള അവസരമാണിത്.

നന്ദിയുള്ളവരായിരിക്കുക

ഇന്ന് നാം അനുഭവിക്കുന്ന ജീവിതത്തിന്റെ അനുഗ്രഹത്തിനും സുഖത്തിനും കാരണക്കാർ ആയവരെ, തെരഞ്ഞെടുത്ത് നന്ദി പറയുവാൻ ശ്രമിച്ചാൽ, ആർക്കൊക്കെ നന്ദി പറയും? മാതാപിതാക്കന്മാർ, ഗുരുക്കന്മാർ, ജോലി വാങ്ങിത്തന്നവർ, സാമ്പത്തിക സഹായം ചെയ്തവർ, ഇങ്ങനെ നീണ്ട ഒരു പട്ടിക ഉണ്ടാകും. ഇതിൽനിന്നും വിട്ടുപോകരുതാത്ത ഒരു കൂട്ടർ ആണ് നമ്മുടെ പുരോഹിത ശ്രേഷ്ഠർ.

നാം അറിയാതെ നമുക്കുവേണ്ടി ദൈവതിരുമുമ്പാകെ കണ്ണുനീരൊഴുക്കി പ്രാർത്ഥിച്ചവർ, യാമപ്രാർത്ഥനകളിലും ആരാധനകളിലും രാത്രിയുടെ ഏകാന്ത നിമിഷങ്ങളിലും ഹൃദയം നുറുങ്ങി നിലവിളിച്ചവർ, ആവശ്യപ്പെട്ടും ആവശ്യപ്പെടാതെയും നമുക്കുവേണ്ടി പ്രാർത്ഥിച്ചവർ, ഇവരോട് നന്ദിയും കടപ്പാടും ഇല്ലാതെ, ഒരു വ്യക്തിക്കും ഇപ്പോൾ അനുഭവിക്കുന്ന അനുഗ്രഹത്തിനും സുഖത്തിനും കാരണക്കാരായവരുടെ പട്ടിക പൂർത്തിയാക്കുവാൻ കഴിയില്ല.

അവരെ സ്മരിക്കുമ്പോൾ നാം ചെയ്യേണ്ട നാലു കടമകൾ ഉണ്ട്:

(1) അവരെ നമുക്ക് പിതാക്കന്മാരായും നേതാക്കന്മാരായും നിയമിച്ച, ദൈവത്തിനു സ്തോത്രം അർപ്പിക്കുക. ദൈവവിളിയും തെരഞ്ഞെടുപ്പുമാണ് അവരെ വലിയ ഉത്തരവാദിത്വത്തിനും ദൗത്യനിർവ്വഹണത്തിനും കാരണമാക്കിയത്. വി. മത്തായി 24:45, 46: 'യജമാനൻ തന്റെ വീട്ടുകാർക്കു തക്കസമയത്തു ഭക്ഷണം കൊടുക്കേണ്ടതിനു അവരുടെമേൽ ആക്കിവച്ച വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ ആർ? യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ!'

(2) അവരുടെ ജീവിതത്തിലുണ്ടായ പാപങ്ങൾ, കുറവുകൾ പരിഹരിക്കണമേ എന്ന് ദൈവത്തോട് പ്രാർത്ഥിക്കണം. അവർ മനുഷ്യരായിട്ടാണ് ഈ ലോകത്തിൽ ജീവിച്ചത്. ബലഹീനതകളും കളങ്കങ്ങളും ഉണ്ടായിട്ടുണ്ട്. അവർ അതു തുറന്ന് സമ്മതിക്കുന്നതുമാണ്. അല്ലാതെ, അവർ സ്വയമായി വിശുദ്ധരായിരുന്നെന്നോ, ഞങ്ങളിൽ പാപം ഇല്ലായിരുന്നെന്നോ പറഞ്ഞിട്ടില്ല.

ദൈവസന്നിധിയിൽ നിൽക്കുമ്പോഴെല്ലാം അവരുടെ പാപങ്ങളെക്കുറിച്ചുള്ള ബോധ്യത്താൽ, കുറ്റബോധത്തോടെയും പശ്ചാത്താപത്തോടെയും ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുകയും സാഷ്ടാംഗപ്രണാമത്തോടെ തങ്ങളുടെ കുറ്റങ്ങൾ ദൈവതിരുമുമ്പാകെ ഏറ്റുപറയുകയും ചെയ്തവരാണവർ. അതുകൊണ്ട് നാം അവരുടെ ഓർമ്മ നടത്തുമ്പോൾ, അവരുടെ ജീവിതത്തിലുണ്ടായ വീഴ്ചകൾ പൊറുത്ത് അവരോടു കരുണ തോന്നണമേ എന്ന് പ്രാർത്ഥിക്കണം.

(3) അവരോട് നമ്മുടെ ആവശ്യങ്ങൾ പറയുക. മദ്ധ്യസ്ഥത വഹിക്കണമേ എന്ന് പ്രാർത്ഥിക്കുക എന്നതാണ്. ഇതാണ് നാം സാധാരണ ചെയ്യുന്നത്. നമുക്ക് നേരിട്ട് ദൈവതിരുമുമ്പാകെ പറയുവാൻ സ്വാതന്ത്ര്യം ഉണ്ടെങ്കിലും നമ്മുടെ കുറവുകളെക്കുറിച്ചുള്ള ബോധ്യം ഉള്ളതിനാൽ, ദൈവസന്നിധിയിൽ ചേർന്നു വസിച്ചവരും വസിക്കുന്നവരുമായ നമ്മുടെ പിതാക്കന്മാരോട് നാം മദ്ധ്യസ്ഥത അപേക്ഷിക്കുന്നു.

പുരോഹിതന്മാരും (യോവേൽ 2:17), രാജാക്കന്മാരും (2 ശമുവേൽ 24:17) പ്രവാചകന്മാരും (യിരമ്യാ 37:3, 42:2-4) ദൈവത്തിന്റെയും ജനങ്ങളുടെയും ഇടയിൽ നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നതിനുവേണ്ടി വേർതിരിക്കപ്പെട്ടവരായിരുന്നു.

(4) അവരുടെ നല്ല മാതൃകകളെ പിൻതുടരുക. ധാരാളം 'നല്ലതുകൾ' നമുക്ക് നൽകിയിട്ടാണ് അവർ കാലയവനികയ്ക്കുള്ളിലേയ്ക്ക് മറയപ്പെട്ടത്. നന്മയായതും പ്രകാശമാനമായതുമായ വഴികൾ അവർ നമുക്കു തുറന്നു തന്നിട്ടുണ്ട്. ആ വഴികൾ തെരഞ്ഞെടുക്കുവാനും, ആ പാതയിലൂടെ നടക്കുവാനും നമുക്ക് കഴിയണം. യേശുക്രിസ്തുവിന്റെ കല്പനകളെ അനുസരിച്ച് മുന്നേറിയവരാണവർ.

വി. മത്തായി 24:42: 'നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പീൻ.' ഉണർന്നിരിക്കുക, ഒരുങ്ങിയിരിക്കുക, ജാഗരൂകരായിരിക്കുക തുടങ്ങിയ ഉദ്ബോധനം ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗത്ത് കർത്താവ് എടുത്തു പറയുന്നുണ്ട്. ഭാഗ്യവാന്മാർ എന്ന വിളിയും വിശ്വസ്തരും ബുദ്ധിമാന്മാരുമായ ദാസർ എന്ന പദവിയും അവർക്ക് ലഭിച്ചിരുന്നു.

'ഞാൻ സ്ഥിതി ചെയ്യുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനുമായിരിക്കും' എന്ന് അരുളിച്ചെയ്ത കർത്താവ്, അഹറോൻ, ഏലിയാസർ, ഫിനഹാസ്, ശമുവേൽ ഇവരോടൊന്നിച്ച് ഇവരെ ക്രമീകരിക്കട്ടെ. പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും ഏവൻഗേലിസ്ഥന്മാരുടെയും ദിവ്യകാഹളശബ്ദം ശ്രദ്ധിച്ചു കേട്ടവർ 'നിങ്ങളെ ഞാൻ അറിയാത്തതിനാൽ പോകുവീൻ' എന്നുള്ള നിർദ്ദയ ശബ്ദം കേൾക്കുവാൻ ഇടയാകരുതേ എന്നു നമുക്ക് പ്രാർത്ഥിക്കാം.

കർത്താവിന്റെ തോട്ടത്തിൽ വേലചെയ്ത പൂർവ്വന്മാർ, സുകൃതങ്ങളാൽ ജീവിക്കുകയും, പകലിലെ പ്രയാസങ്ങളെയും ഉഷ്ണത്തേയും വിയർപ്പോടെ സഹിക്കുകയും, താൽക്കാലികമായി നിസ്സാരപ്രയാസങ്ങളാൽ മഹത്തരമായ നിത്യവിശ്രമത്തെ ബുദ്ധിയോടെ ലാഭിക്കുകയും ചെയ്തവരാണ്. അവരുടെ നിത്യസ്മരണ നമ്മോടൊപ്പം നിലനിൽക്കട്ടെ.


ആചാര്യേശാ! മശിഹാ! കൂദാശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം.

❑

Church Calendar

Faithful and wise servants

Commemorating All Departed Priests



Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)

Evening: St. Matthew 25: 13-30, Morning: St. Luke19: 11-28, Before Holy Qurbana : Numbers20: 23-29, Deuteronomy 34: 1-8, Isaiah 65: 13-20. Holy Qurbana: Acts 20:26-38, I Thessalonians 4: 13-5: 11

St. Matthew 24: 42-51

The two Sundays before the Great Lent is set apart to commemorate all the departed priests and all the departed believers. The Gospel readings on both Sundays have the exhortation to be watchful, parable of the un/faithful servant and reference to the second coming of the Lord.

a. *Uttisthata Jagrata*

"Keep awake therefore, for you do not know on what day your Lord is coming. But understand this: if the owner of the house had known in what part of the night the thief was coming, he would have stayed awake and would not have let his house be broken into." (Mt 24:42,43). If ever a house is alerted against the possible robbery or a country against an impending attack, they would be fully alert. The nights won't be spent in sleep nor would the days be lazed away. As the time of the attack/ robbery remains unpredicted, so would be the second coming of the Lord. Hence we need to be vigilant always. Apart from the passage under consideration there are few more references where Jesus appeals the hearers to be vigilant and to keep watch. The Apostles had etched this teaching of the Master in their minds and hence Peter resounds the need for being ever watchful. "Discipline yourselves, keep alert. Like a roaring lion your adversary the devil prowls around, looking for someone to devour" (1 Pet 5:8).

Being on guard is a quality needed not only in the realm of spirituality. Priests can be called as the guardians of the conscience of society. What had been held dear and upright might be watered down as time passes; those which were regarded as immoral once might gain approval as acceptable. During such onslaught on ethics and morality, it is the duty of the priests to interpret the changing times and interpret to the society what is right and wrong. This can be done only by a priest who is alert like the servant in the parable.

b. Thy Will / Committed to the duty

The 'faithful and wise slave' (Mt 24:45) is the one who is eager to do the 'will of his master. He is called faithful because he knows his duty and fulfills it even in the absence of his master. He doesn't take the benefit of his being unobserved. He joins the psalmist and sings "I will meditate on your precepts, and fix my eyes on your ways. I will delight in your statutes; I will not forget your word" (Ps 119: 15,16). He has understood the spirit of the duties and is ever committed to the same. This is what is expected from a Priest. A priest is considered as the vicar (substitute) of Jesus Christ. His mission is to fulfill the duties entrusted by Christ. A priest is not supposed to do anything to further his own name or will.

Commitment to one's call/ duty is expected not only from priests but from people of all walks of life; child to grandparent, student to professor, *chowkidar* to CEO etc. The dedication and seriousness shown in fulfilling responsibilities generally varies when one is in the presence of his/ her authority and when they are left unattended. A good employee would be the one who is consistently dedicated to the duties entrusted, irrespective of whether s/he is supervised or not. Verses 46 may be paraphrased as 'Blessed is that employee whom his boss will find at work when he arrives'. Such positive surprise appraisals would fetch him promotion!

c. Stewards of God's mysteries

Each priest is ordained to carry on the ministry "as servants of Christ and stewards of God's mysteries" (1 Cor. 4:1). The Orthodox Church prefers the word Mystery to Sacraments. To be the stewards of God's Mysteries is a privilege as well as a great responsibility. The duty is to attract more and more people to the Mysteries. Also the call to priesthood is a call to serve, and not to flaunt authority. Our Lord has warned that the Called should not become like the "wicked slave" who "says to himself, 'My master is delayed,' and he begins to beat his fellow slaves, and eats and drinks with drunkards…" (Mt 24:48, 49).

One of the main qualities of a priest is to remain faithful to the One who has called. St. Paul reminds about the ordained that "Moreover, it is required of stewards that they be found trustworthy" (1 Cor. 4:2). The glory of power, splendour of worldly pleasures, fascination for opulence are some of the constant temptations and challenges before the ordained. A priest also can't serve two masters (Mt 6:24) and the test is how trustworthy he is towards his Master and the duties entrusted. He should always remind himself that he is the one whom "his master has put in charge of his household, to give the other slaves their allowance of food at the proper time" (Mt 24:45).

Conclusion

Remember and pray for all the priests who had ministered the Holy Sacraments, from Holy Baptism to Holy Matrimony and taken to the heavenly abode. Let's also pray for everyone in the priesthood, that they may always be faithful and wise ministers of our Lord. Let us also be reminded that each believer also shares the 'royal priesthood' (1Pet 2 :9) and are also called to be trustworthy before the Lord. ❑

"നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും."

"ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ."

"ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും."

– പ. പരുമല തിരുമേനി



കഴിഞ്ഞ ദിവസം കുന്നംകുളത്ത് യേശുദാസ് റോഡിലെ ബൈൻഡിംങ് സ്ഥാപനത്തിൽ അഗ്നിബാധയുണ്ടായ പ്രദേശം ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് സന്ദർശിക്കുന്നു. വെസ്റ്റ് മങ്ങാട് മാർ ഗ്രീഗോറിയോസ് പള്ളി വികാരി ഫാ. വി.എം. സാമുവേൽ സമീപം. മങ്ങാട് പള്ളി ട്രസ്റ്റി ജോൺ വർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ള എം.സി ബുക്സിലാണ് തീപിടുത്തമുണ്ടായത്. അടുത്തുള്ള ആക്രി കടയിൽ നിന്ന് ഇവിടേക്ക് തീ പടരുകയായിരുന്നു.



ഫാ. വർഗീസ് പുന്നകൊമ്പിൽ കോറെപ്പിസ്കോപ്പയുടെ ഭൗതീകശരീരം മൈക്കാവ് വലിയപള്ളിയിൽ പൊതു ദർശനത്തിനു വെച്ചപ്പോൾ യാക്കോബായ വിഭാഗത്തിലെ കോഴിക്കോട് ഭദ്രാസനത്തിലെ മെത്രാപ്പോലീത്ത പൗലോസ് മാർ ഐറേനിയോസും, വൈദികരും കടന്നുവന്ന് ധൂപ പ്രാർത്ഥന നിർവഹിക്കുന്നു.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഭരണഘടന സംരക്ഷണ സദസ് സംഘടിപ്പിച്ചു

കോട്ടയം: ഭരണഘടനയും ജനാധിപത്യവും പൗരന് ഉറപ്പാക്കുന്ന അവകാശങ്ങൾ സംരക്ഷിക്കുവാനും നടപ്പിലാക്കുവാനും ഭരണകർത്താക്കൾ തയ്യാറാകണമെന്ന് ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കോട്ടയം തിരുനക്കര ഗാന്ധിസ്ക്വയറിൽ നടത്തിയ ഭരണഘടനാ സംരക്ഷണ സദസ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കോടതി വിധികൾ അട്ടിമറിക്കുവാൻ ശ്രമിക്കുന്ന അതിക്രമങ്ങളും സത്യപ്രതിജ്ഞാ ലംഘനങ്ങളും ജനാധിപത്യ മൂല്യശോഷണത്തിന്റെ പ്രകടമായ ലക്ഷണങ്ങളാണ്. യുവജനപ്രസ്ഥാനം പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ആധ്യക്ഷം വഹിച്ചു. സഖറിയാസ് മാർ നിക്കോളാവോസ് മുഖ്യപ്രഭാഷണം നടത്തി. വൈദീക ട്രസ്റ്റി ഫാ. ഡോ. എം. ഒ ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സഭാ മാനേജിങ് കമ്മറ്റിയംഗം എ. കെ. ജോസഫ്, യുവജനപ്രസ്ഥാനം വൈസ്പ്രസിഡന്റ് ഫാ. വർഗീസ് ടി. വർഗീസ്, ജനറൽ സെക്രട്ടറി ഫാ. അജി കെ തോമസ്, ട്രഷറർ ജോജി പി. തോമസ്, അഡ്വ. ജെയ്സി കരിങ്ങാട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു.



മുളന്തുരുത്തി കൺവൻഷൻ ഉദ്ഘാടനം ഡോ. തോമസ് മാർ അത്താനാസ്യോസ് നിർവഹിക്കുന്നു.



കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ മലങ്കര ഓർത്തഡോക്സ് സഭാ വിശ്വാസികൾ ചാത്തന്നൂർ എം.എൽ.എ. ജയലാലിനെ കണ്ട് കോടതി വിധി പൂർണ്ണമായി നടപ്പാക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും ചില നേതാക്കളുടെ അനവസരത്തിലുള്ള പ്രസ്താവനയിൽ ആശങ്ക അറിയിക്കുകയും കോടതി വിധികളെ സംബന്ധിച്ച് സേവേറിയോസ് തിരുമേനി തയ്യാറാക്കിയ ലേഖനം നൽകുകയും ചെയ്തു.



സഹായ ഹസ്തവുമായി കൊട്ടാരക്കര-പുനലൂർ ഭദ്രാസനം


കൊല്ലം: കൊട്ടിയം കല്ലുവിള വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന വിധവയായ ഓമന എന്ന സ്ത്രീയുടെ കൈയിൽ നിന്നും 2200 രൂപയും ലോട്ടറി ടിക്കറ്റുകൾ ഉൾപ്പെടെ 5000 രൂപയോളം തട്ടിയെടുത്തു കൊണ്ടുപോയ സംഭവം വാർത്തയായിരുന്നു. തുടർന്ന് കൊട്ടാരക്കര-പുനലൂർ ഭദ്രാസന ഇടയൻ ഡോ. യൂഹാനോൻ മാർ തേവോദോറോസിന്റെ നിർദ്ദേശപ്രകാരം ഭദ്രാസന സെക്രട്ടറി ഫാ. സി. ഡി. രാജൻ നല്ലിലയുടെ നേതൃത്വത്തിൽ ഭദ്രാസന കൗൺസിൽ അംഗങ്ങൾ ഭവനം സന്ദർശിക്കുകയും നഷ്ടപ്പെട്ട തുക ആ സാധു സ്ത്രീക്ക് നൽകുകയും ചെയ്തു. ഫാ. അനിൽ ജോൺ, ഫാ. മർക്കോസ് ജോർജ്, പി. എം. ഗീവർഗീസ് കുരാക്കാരൻ, ഒ. അച്ചൻകുഞ്ഞ്, ഷാജിമോൻ ചാക്കോ, അനിൽ ഇ. റ്റി. സി. എന്നിവർ സന്നിഹിതരായിരുന്നു..



മാവേലിക്കര ഭദ്രാസന നവജ്യോതി മോംസിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രതിഭാ കറിപൗഡറിന്റെ ആദ്യ വില്പന നവജ്യോതി മോംസ് പ്രസിഡന്റ് അലക്സിയോസ് മാർ യൗസേബിയോസ് ഭദ്രാസന നവജ്യോതി മോംസ് യൂണിറ്റുകൾക്ക് നൽകി നിർവഹിക്കുന്നു.



അഖില മലങ്കര ബാലസമാജം മാവേലിക്കര ഭദ്രാസന വാർഷിക സമ്മേളനം.



ഫാ. അലക്സാണ്ടർ കുര്യൻ ഫെഡറൽ റിയൽ പ്രോപ്പർട്ടി കൗൺസിൽ എക്സിക്യൂട്ടിവ് ഡയറക്ടർ

അമേരിക്കൻ ഗവർമെന്റിന്റെ ഫെഡറൽ റിയൽ പ്രോപ്പർട്ടി കൗൺസിൽ എക്സിക്യൂട്ടിവ് ഡയറക്ടറായി മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനത്തിൽ ശുശ്രൂഷിക്കുന്ന ഫാ. അലക്സാണ്ടർ കുര്യൻ നിയമിതനായി. ഓഫീസ് ഓഫ് മാനേജ്മെൻറ് ആൻഡ് ബജറ്റ് യുണൈറ്റഡ് പ്രസിഡൻറ്സ് ഓഫീസ് ജനുവരി പതിനാറിനാണ് ഇതു സംബന്ധിച്ച ഉത്തരവ് പുറത്തു വിട്ടത്.

ആത്മീയ രംഗത്തും സാമൂഹ്യ സാംസ്കാരിക രംഗത്തും ഒരേപോലെ വൈദഗ്ധ്യം തെളിയിച്ച അലക്സാണ്ടർ അച്ചന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ഈ നിയമനം. അമേരിക്കൻ സ്ട്രാറ്റജിക്ക് പ്ളാനിംഗ് ഡയറക്ടറായി വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. 32 വർഷത്തെ ഫെഡറൽ എക്സിക്യൂട്ടീവ് എന്ന പരിചയം കൂടി കണക്കിലെടുത്താണു പുതിയ നിയമനം. പള്ളിപ്പാട്ട് കടയ്ക്കൽ കോശി കുര്യൻറെയും പെണ്ണമ്മയുടെയും ആറു മക്കളിൽ ഇളയവനാണ്. നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.



കർഷക ഐക്യദാർഢ്യജ്വാല

പുനലൂർ: യുവജനപ്രസ്ഥാനം കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കർഷക ഐക്യദാർഢ്യജ്വാല ചെമ്മന്തൂർ സെൻറ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. യുവജനപ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡൻറ് ഫാ. അനിൽ ബേബിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ മുഖ്യപ്രഭാഷണം നടത്തി. ഭദ്രാസന സെക്രട്ടറി ഫാ. സി.ഡി രാജൻ, യുവജനപ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡൻറ് ഫാ. വർഗ്ഗീസ്.റ്റി. വർഗ്ഗീസ്, ഫാ. ജോസഫ് മാത്യു, ജിമ്മി തങ്കച്ചൻ തുടങ്ങിയവർ പ്രസംഗിച്ചു.



ജനപ്രതിനിധികളെ ആദരിച്ചു

തിരുവല്ല: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായ ജനപ്രതിനിധികളെ നിരണം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു. ഭദ്രാസന അംഗങ്ങളായ 43 ജനപ്രതിനിധികൾ പങ്കെടുത്തു. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ഉദ്ഘാടനം ചെയ്തു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അധ്യക്ഷനായിരുന്നു. ഫാ ഡോ.റെജി മാത്യു മുഖ്യസന്ദേശം നൽകി. ഭദ്രാസന സെക്രട്ടറി ഫാ. അലക്സാണ്ടർ എബ്രഹാം, ഭദ്രാസന കൗൺസിൽ അംഗങ്ങളായ ഫാ. ജോജി എം എബ്രഹാം, അഡ്വ. പ്രദീപ് മാമൻ മാത്യു, രഞ്ജി ജോർജ്ജ്, സുനിൽ നിരവ്പുലം, മത്തായി ടീ വർഗീസ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ എം. വി. എബ്രഹാം, ബാബു കൂടത്തിൽ, തിരുവല്ല മുൻസിപ്പൽ കൗൺസിൽ അംഗമായ ഷീജ എന്നിവർ പ്രസംഗിച്ചു.



രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി കർണാടകയിൽ നിന്ന് ഡോക്ടർ ഓഫ് ഫാർമസിയിൽ (PHARM D), ഡോ സ്റ്റെഫി എൽസ വർഗീസ് രണ്ടാം റാങ്ക് കരസ്ഥമാക്കി. മണ്ണാറക്കുളഞ്ഞി മാർ ബസേലിയോസ് ഗ്രിഗോറിയോസ് വലിയ പള്ളി ഇടവകാംഗമാണ്.



ആലുവ തൃക്കുന്നത് സെമിനാരിയിൽ പിതാക്കന്മാരുടെ സംയുക്ത പെരുന്നാളിന് ഡോ. തോമസ് മാർ അത്താനാസിയോസ് മുഖ്യകാർമികത്വം വഹിച്ചു. യൂഹാനോൻ മാർ പോളിക്കർപ്പൊസ് സഹകർമികത്വം വഹിച്ചു.



മദ്ധ്യ തിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷന്റെ 104-ാമത് സമ്മേളനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഏബ്രഹാം മാർ എപ്പിഫാനിയോസ് മാക്കാംകുന്ന് കത്തീഡ്രൽ പള്ളിയിൽ നിർവഹിച്ചു.



സുപ്രീം കോടതി വിധി നടപ്പാക്കാത്തതിനെതിരെ നിലയ്ക്കൽ ഭദ്രാസനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി

റാന്നി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് അനുകൂലമായ ബഹു.സുപ്രീം കോടതി വിധി നടപ്പാക്കുന്നതിൽ കുറ്റകരമായ അനാസ്ഥ കാണിക്കുന്ന സംസ്ഥാന സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും നിലപാടുകൾക്കെതിരെ നിലയ്ക്കൽ ഭദ്രാസന കൗൺസിൽ അംഗങ്ങളുടെയും സഭാ മാനേജിങ് കമ്മറ്റിയംഗങ്ങളുടെയും ഭദ്രാസന ഇടവകകളുടെ വികാരിമാരുടെയും ആത്മീയ സംഘടനാ പ്രതിനിധികളുടെയും സംയുക്ത യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

ചെങ്ങന്നൂർ ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ തീമോത്തിയോസിന്റെ അദ്ധ്യക്ഷതയിൽ റാന്നി, ഇട്ടിയപ്പാറ മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ കൂടിയ യോഗത്തിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ മുഖ്യപ്രഭാഷണം നടത്തി.

ഭദ്രാസന സെക്രട്ടറി ഫാ. ഇടിക്കുള എം. ചാണ്ടി ആമുഖ പ്രസംഗം നടത്തി. ഭദ്രാസന കൗൺസിൽ അംഗങ്ങളായ ഫാ. റ്റി.കെ. തോമസ്, ഫാ. സൈമൺ വർഗീസ്, വി.പി. മാത്യു, ഡോ. എബ്രഹാം ഫിലിപ്പ്, റോമിക്കുട്ടി മാത്യു, മാനേജിങ് കമ്മറ്റിയംഗം പ്രൊഫ. പി.എ. ഉമ്മൻ എന്നിവർ പ്രസംഗിച്ചു. മാനേജിംഗ് കമ്മറ്റിയംഗം ഡോ. റോബിൻ പി. മാത്യു പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു. എല്ലാ ഇടവകകളിൽ നിന്നും വികാരിമാരുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം ചേർന്ന് പാസ്സാക്കിയ പ്രതിഷേധ പ്രമേയം കേരള ഗവർണർ, മുഖ്യമന്ത്രി, ഭദ്രാസന അതിർത്തിയിൽപ്പെടുന്ന എം.എൽ.എ മാരായ പി.സി. ജോർജ്ജ്, മാത്യു റ്റി. തോമസ്, രാജു എബ്രഹാം, ജിനേഷ് കുമാർ എന്നിവർക്ക് അയച്ചു കൊടുക്കുന്നതിനും ശക്തമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും യോഗം തീരുമാനിച്ചു.



റിപ്പബ്ലിക്ക് ദിനത്തിൽ ജ്യോതിസ് ആശ്രമത്തിൽ ദേശീയ പതാകയുയർത്തി

സഭാജ്യോതിസ് പുലിക്കോട്ടിൽ ഒന്നാമൻ മലങ്കര മെത്രാപ്പോലീത്തയുടെ നാമധേയത്തിൽ മലങ്കരയിൽ സ്ഥാപിതമായ പ്രഥമ ആശ്രമമായ രാജസ്ഥാനിലെ ജ്യോതിസ് ആശ്രമത്തിൽ ഭാരതത്തിന്റെ 72-ാം റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് ദേശീയ പതാക ഉയർത്തി. ഡൽഹി ഭദ്രാസനത്തിൽ നിന്നുമുള്ള ഫാ. ജാക്സനാണ് പതാക ഉയർത്തിയത്. ആശ്രമാചാര്യൻ ഫീലിപ്പോസ് റമ്പാനും ആശ്രമാംഗങ്ങളും സന്നിഹിതരായിരുന്നു. മൂന്നു നോമ്പിനോടനുബന്ധിച്ച് ആശ്രമത്തിൽ എത്തിയതായിരുന്നു ഫാ. ജാക്സൻ. റിട്രീറ്റ് സെന്ററായി പ്രവർത്തിച്ച് വരുന്ന ആശ്രമം മലങ്കര ഓർത്തഡോക്സ് സഭയുടെ അഹമ്മദാബാദ് ഭദ്രാസനത്തിൻ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്.



2019-ലെ ഓർത്തഡോക്സ് വിശ്വാസ സംരക്ഷകൻ പുരസ്കാരം ടി.ടി. ജോയിക്ക് പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് നൽകുന്നു.





ചെങ്കോട്ട മിഷൻ സെന്റർ വികസനത്തിന്റെ പാതയിൽ

പുനലൂർ: കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിന്റെ അധീനതയിലുള്ള ചെങ്കോട്ട മിഷൻ സെന്ററിൽ പ. ദൈവമാതാവിന്റെ മധ്യസ്ഥതയിൽ ഒരു വിശ്വാസി നേർച്ചയായി നിർമ്മിച്ച് നൽകുന്ന കുരിശിൻസൗധത്തിന്റെ കല്ലിടീൽ കർമ്മവും, ചെങ്കോട്ട മിഷൻ സെന്ററിനായി പുതിയതായി നിർമ്മിക്കുന്ന പൊതു കല്ലറയുടെ നിർമ്മാണ ഉദ്ഘാടനവും കൊട്ടാരക്കര-പുനലൂർ ഭദ്രാസന സെക്രട്ടറി ഫാ. സി. ഡി. രാജൻ നലില്ലയുടെ നേതൃത്വത്തിൽ നിർവഹിക്കപ്പെട്ടു.. ഭദ്രാസന കൗൺസിൽ അംഗങ്ങളായ ഫാ. അനിൽ ജോൺ, ഫാ. മർക്കോസ് ജോർജ്, പി. എം. ഗീവർഗീസ് കുരാക്കാരൻ, ഷാജിമോൻ ചാക്കോ, അനിൽ ഇ. റ്റി.സി, ചെങ്കോട്ട മിഷൻ സെന്റർ വികാരി ഫാ. ആശിഷ് ജെയിംസ്, മിഷൻ സെന്റർ സെക്രട്ടറി സി. കുഞ്ഞുമോൻ തെന്മല എന്നിവർ സന്നിഹിതരായിരുന്നു.





പത്തനാപുരം മൗണ്ട് താബോർ ദയറാ അംഗമായിരിക്കുന്ന ഫാ. ഡേവിഡ് കോശി എൻ. ജെ. കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിൽ ഗണിതവിഭാഗം അദ്ധ്യാപകനാണ്.




കോട്ടയം ഈരയിൽകടവിൽ നിർമ്മിച്ച സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ സ്മൃതി മന്ദിരം.



നീണ്ട 45 വർഷത്തിനുശേഷം വടകര സെന്റ് ജോൺസ് ദേവാലയത്തിൽ ഡോ. തോമസ് മാർ അത്താനാസ്യോസ് വി. ബലിയർപ്പിച്ചു.



26-ാമത് മുളന്തുരുത്തി ഓർത്തഡോക്സ് കൺവെൻഷനിൽ സമാപന ദിവസം ഡോ. യാക്കോബ് മാർ ഐറേനിയോസ് സമാപന സന്ദേശവും മെഴുകുതിരി കത്തിച്ചു കൊണ്ടുള്ള പ്രാർത്ഥനയും നിർവ്വഹിക്കുന്നു .



ഫാ. വർഗീസ് പുന്നക്കൊമ്പിൽ കോറെപ്പിസ്ക്കോപ്പാ നിര്യാതനായി.

കോഴിക്കോട്: മലങ്കര ഓർത്തഡോക്സ് സഭയുടെ വർക്കിംഗ് കമ്മറ്റി അംഗം ഫാ. വർഗീസ് പുന്നക്കൊമ്പിൽ കോറെപ്പിസ്ക്കോപ്പാ നിര്യാതനായി. മലബാർ ഭദ്രാസനത്തിലെ സീനിയർ വൈദികനാണ്. ദീർഘകാലം മലബാർ ഭദ്രാസന സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി പള്ളി വികാരി ആയിരുന്നു.

വള്ളിക്കോട് പള്ളിക്കേസ്: യാക്കോബായ ഹർജി സുപ്രീം കോടതിയുടെ മൂന്നംഗ ബഞ്ച് തള്ളി

ന്യൂഡൽഹി: തുമ്പമൺ ഭദ്രാസനത്തിൽപെട്ട വള്ളിക്കോട് കോട്ടയം സെന്റ് മേരീസ് പള്ളിക്കേസിൽ യാക്കോബായ വിഭാഗം സമർപ്പിച്ച SLP സുപ്രീം കോടതിയുടെ മൂന്നംഗ ബഞ്ച് (ജ. ഡി. വൈ. ചന്ദ്രചൂഡ്, ജ. ഇന്ദിരാ ബാനർജി, ജ. സഞ്ചീവ് ഖന്ന) ജനുവരി 28-നു തള്ളി ഉത്തരവായി.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25, 26 വകുപ്പുകൾക്ക് എതിരാണ് കേരളാ ഹൈകോടതി വിധി എന്നും, തങ്ങളുടെ വൈദീകൻ അനുഷ്ഠിക്കുന്ന കർമ്മങ്ങൾ മാത്രമേ ഈ പള്ളിയിൽ അനുവദിക്കാവൂ എന്നും യാക്കോബായ വിഭാഗം വാദിച്ചു. മാത്രമല്ല ഓർത്തഡോക്സ് സഭാംഗങ്ങൾ എണ്ണത്തിൽ കുറവാണ് എന്നും പള്ളി യാക്കോബായ വിഭാഗത്തിലെ 11 വീട്ടുകാർ ചേർന്ന് സ്ഥാപിച്ചത് എന്നും, അവർ ആരും ഓർത്തഡോക്സ് സഭാഗങ്ങൾ അല്ല എന്നും അതിനാൽതന്നെ സുപ്രിംകോടതിയുടെ 2017-ലെ വിധി ഈ പള്ളിക്ക് ബാധകമല്ല എന്നും വാദിച്ചു. 2017-ലെ വിധി 3 പള്ളികൾക്ക് മാത്രമാണ് എന്നും ഈ പള്ളി ആ കേസിൽ കക്ഷിയല്ല എന്നുള്ള വാദവും ഉന്നയിച്ചു.

എന്നാൽ സുപ്രിംകോടതി ഈ വിഷയങ്ങൾ വിശദമായി പഠിച്ച് 2017-ൽ അന്തിമ വിധി പ്രഖ്യാപിച്ചതാണെന്നും, ആ വിധി 2018-ൽ 3 അംഗ ബഞ്ച് പരിശോധിച്ച് ഉറപ്പ് വരുത്തിയതാണെന്നും ഓർത്തഡോക്സ് സഭ മറുവാദമുന്നയിച്ചു.

സുപ്രിംകോടതി പലതവണ ഉറപ്പിച്ച 1934 ഭരണഘടനപ്രകാരം തന്നെ പള്ളി ഭരിക്കണം എന്നുള്ള ഹൈക്കോടതി വിധി അസ്ഥിരപ്പെടുത്താനാവില്ല എന്നും അത് സഭയുടെ കെട്ടുറപ്പിന് ആവശ്യമെന്നും ജഡ്ജിമാർ വാക്കാൽ നിരീക്ഷിച്ചു. ഹൈക്കോടതി വിധി അതു കൊണ്ട് തന്നെ തെറ്റല്ല എന്നും അതിൽ ഇടപെടുന്നില്ല എന്നും ജഡ്ജിമാർ വ്യക്തമാക്കി. അതിനാൽ തന്നെ പെറ്റീഷൻ അനുവദിക്കുന്നില്ല എന്നും കോടതി വ്യക്തമാക്കി. 'ഒരു സഭയായി സഹോദരങ്ങളായി വർത്തിക്കുന്നതല്ലേ ഉചിതം' എന്നും സ്നേഹരൂപണ കോടതി ഓർമ്മപ്പെടുത്തി.

ഇപ്പോൾ മലങ്കരസഭയുടെ കേസ് പരിഗണിക്കുന്ന മൂന്നാമത്തെ 3 അംഗ ബഞ്ചാണ് എന്നുള്ള പ്രത്യേകത കൂടി ഈ കേസിനുണ്ട്. മുമ്പ് ജ. അശോക് ഭൂഷനും, ജ. ശാന്തന ഗൗണ്ടർ ഉൾപ്പടുന്ന 3 അംഗ ബഞ്ചും സമാന കേസുകൾ കേട്ടിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭക്കു വേണ്ടി സീനിയർ അഭിഭാഷകരായ അഡ്വ. സി. യു. സിംഗ്, ഇ. എം. സദ്റുൾ അനാം എന്നിവർ ഹാജരായി.



മംഗലം സെ. ജോർജ് ഇടവകാംഗവും ഇന്ത്യൻ കരസേനയിൽ സുബേദാർ മേജറുമായ കിഴക്കേതുണ്ടിയിൽ നിതിൻ നിവാസിൽ ലിബു റ്റി. മാത്യുവിന് ഹോണററി ലഫ്റ്റ്നൻറ് പദവിയിലേക്ക് സ്ഥാനകയറ്റം ലഭിച്ചു. പ്രസ്തുത ചടങ്ങിൽ ശ്രീനഗർ ജനറൽ റിസേർവ് എഞ്ചിനീയറിംഗ് ഫോഴ്സ് (GREF) ചീഫ് എഞ്ചിനീയർ ബ്രിഗൈഡർ ഐ. കെ. ജഗ്ഗി ഹോണററി ലഫ്റ്റ്നൻറ് പദവിയുടെ സ്ഥാനചിഹ്നം അണിയിക്കുന്നു.